# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റര്‍ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പര്‍: കെഎസ്എ കെടിഎം-പി9-1080/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 04/09/2024
ഇ-മെയില്‍:
doktm.ksad@kerala.gov.in
ഫോണ്‍: 0481-2564886

ഡെപ്യൂട്ടി ഡയറക്ടര്‍

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്‍പ്പൂക്കര ഗ്രാമപഞ്ചായത്ത്

സര്‍,

**വിഷയം : ആര്‍പ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വര്‍ഷത്തെ ഓഡിറ്റ് റിപ്പോര്‍ട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കല്‍ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കല്‍ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകള്‍ പ്രകാരം ആര്‍പ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വര്‍ഷത്തെ ധനകാര്യ പത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോര്‍ട്ട് 1996 ലെ കേരള ലോക്കല്‍ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ല്‍ നിര്‍ദ്ദേശിക്കുന്ന പ്രകാരമുള്ള തുടര്‍ നടപടികള്‍ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോര്‍ട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോര്‍ട്ട് കൈപ്പറ്റിയാലുടന്‍ ഇതില്‍ പരാമര്‍ശിക്കുന്ന ക്രമക്കേടുകള്‍ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകര്‍പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോര്‍ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോര്‍ട്ട് വിശദമായി ചര്‍ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോര്‍ട്ടിന്റെയും അതിന്മേല്‍ എടുത്ത തീരുമാനത്തിന്റെയും പകര്‍പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോര്‍ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതില്‍ ഉള്‍പ്പെടുന്ന ഓഡിറ്റ് പരാമര്‍ശങ്ങള്‍ തടസ്സങ്ങള്‍ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോര്‍ട്ട് പ്രസ്തുത കാലയളവിനുള്ളില്‍ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കല്‍ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷന്‍ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടര്‍

പകര്‍പ്പ്
1) ഡയറക്ടര്‍, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടര്‍, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകര്‍പ്പ്.

നമ്പർ: കെ.എസ്.എ കെ.ടി.എം.പി.ഐ/ 1080/24 തീയ്യതി: 04/09/2024

# കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-07-2024 തീയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധന വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു. സി. ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 24-06-2024 | 30-06-2024 |
| മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 01-07-2024 | 03-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-06-2024 | 03-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ഇന്ദുലേഖ. എ, ഓഡിറ്റ് ഓഫീസർ
സ്മിത. ജി. നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജ്യോതിലക്ഷ്മി. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഉണ്ണികൃഷ്ണൻ. എം, ഓഡിറ്റർ (ജി)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഞ്ജു മനോജ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ആശ ഗോപാൽ | സെക്രട്ടറി | 01-04-2023 | 17-03-2024 |

| | | | |
|---|---|---|---|
| മഞ്ജു എസ് | സെക്രട്ടറി-ഇൻ-ചാർജ് | 18-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മഞ്ജു. എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ഹരികൃഷ്ണൻ. ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരിപ്പൂത്തട്ട്) | 01-04-2023 | 26-10-2023 |
| സൗമ്യ. കെ. വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരിപ്പൂത്തട്ട്) | 27-10-2023 | 31-03-2024 |
| മാത്യു. പി. സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വില്ലൂന്നി) | 01-04-2023 | 20-07-2023 |
| സനൽ. എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വില്ലൂന്നി) | 21-07-2023 | 31-03-2024 |
| ഡോ. ബിന്ദുരാജ്. ആർ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. റൊസ്‌ലിൻ ജോസഫ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2023 | 31-03-2024 |
| ബ്ലെസ്സി ജോഷി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |
| നീതു. കെ. എം | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| രശ്മിമോൾ. എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| അജിത. ആർ. നായർ | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| നിതിൻ. കെ. എം | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 01-04-2023 | 18-07-2023 |
| അജിത്ത് ജേക്കബ് | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 19-07-2023 | 31-03-2024 |
| ശിഖ രാജു | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24 | 1-1 |
| 2 | ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | തനത് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-3 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-4 |
| 6 | ലൈസൻസ് വരവ് വിവരങ്ങൾ | 1-1-5 |
| 7 | ബജറ്റ്-വിശകലനം | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 11 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | വസ്തു നികുതി - 2023-24 വർഷത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല | 1-11 |
| 17 | വസ്തു-നികുതി - ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതിലൂടെ പഞ്ചായത്തിന് വരവ് നഷ്ടം | 1-12 |
| 18 | വസ്തു നികുതി - മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് ബാധകമാക്കിയില്ല | 1-13 |
| 19 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക തുക ഈടാക്കിയില്ല | 1-14 |
| 20 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-15 |
| 21 | ലൈസൻസ് ഫീസ് പിരിവ്- ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-16 |
| 22 | വാടക – കുടിശ്ശിക നിലനിൽക്കുന്നു. | 1-17 |
| 23 | മരങ്ങളുടെ ലേലം - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-18 |
| 24 | വനിതകൾക്ക് ഫിറ്റ്നസ്സ് സെന്റർ - പദ്ധതി ജനോപകാരപ്രദമായില്ല | 1-19 |
| 25 | എൽ പി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കൽ - സർക്കാർ ഉത്തരവിന് അധികമായി തുക നൽകി | 1-20 |
| 26 | എൽ. പി. സ്കൂളുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ - നടപടിക്രമങ്ങളിൽ വ്യക്തതയില്ല | 1-21 |
| 27 | സ്കൂളുകളിലേയ്ക്ക് പത്ര വിതരണം - അപാകതകൾ | 1-22 |
| 28 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- അക്കൗണ്ട് നമ്പർ തെറ്റി നൽകിയ തുക തിരികെ ലഭ്യമാക്കേണ്ടതാണ് | 1-23 |
| 29 | നിർദ്ദേശിക്കപ്പെട്ടതിലും അധികം തുക സബ്സിഡി ഇനത്തിൽ അനുവദിച്ച് നൽകി | 1-24 |
| 30 | പാലിയേറ്റീവ് കെയർ പ്രോജക്ട്-ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല | 1-25 |
| 31 | ഒരേ വസ്തുവിന് ഒന്നിലധികം തവണ തുക നൽകി | 1-26 |
| 32 | ശ്മശാനം മരാമത്ത് പ്രോജക്റ്റുകളും നടപ്പാക്കിയില്ല | 1-27 |
| 33 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ 81142 രൂപ അവശേഷിക്കുന്നു | 1-28 |
| 34 | മാലിന്യ നീക്കത്തിന് പിക്ക് അപ്പ് വാൻ - വാഹനം ലഭ്യമാക്കിയില്ല | 1-29 |
| 35 | ലൈഫ് ഭവന പദ്ധതി -ഗുണഭോക്തൃപട്ടികയിലെ അപാകത പരിഹരിച്ചിട്ടില്ല | 1-30 |
| 36 | ടെയിലറിംഗ് മെഷീൻ വാങ്ങൽ - മെഷീൻ ലഭ്യമാക്കിയിട്ടില്ല. | 1-31 |
| 37 | സ്ട്രീറ്റ് മെയിൻ വലിക്കൽ -വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 1-32 |

| | | |
|---|---|---|
| 38 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ | 1-33 |
| | **ഭാഗം 2** | |
| | — No Records Found — | |
| | **ഭാഗം 3** | |
| | — No Records Found — | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക- ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വാടക തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24

1. ആർപ്പൂക്കര ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 06.05.2024 തീയതിയിലെ 3-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 21.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1995 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ (2023-24) വർഷത്തെയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 04.09.2024** **ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

31.03.2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആരംഭിച്ച 01.04.2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

28.07.2011-ലെ ജി.ഒ (എം.എസ്)132/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെടുത്തിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല

**1-1-3 Government Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

സർക്കാർ മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

**1-1-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച് ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ്, ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-5 ലൈസൻസ് വരവു വിവരങ്ങൾ**

ലൈസൻസ് വരവു വിവരങ്ങൾ രജിസ്റ്ററുകളും , വാർഷികകണക്കുമായും പൊരുത്തപ്പെടുന്നില്ല

**1-2 ബജറ്റ്-വിശകലനം**

2023-24വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 20.03.2023-ലെ 1/1-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു.പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 03.02.2024 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റിൽ മുൻപ് അംഗീകരിച്ച ബജറ്റിൽ നിന്നും വരവ്-ചെലവ് കണക്കുകളിൽ പ്രകടമായ വ്യത്യാസമുണ്ട്.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 1,28,20,760 | 1,64,815,73 |
| വരവ് | 21,94,29,330 | 47,52,26,829 |
| ആകെ | 23,22,50,090 | 49,17,08,402 |
| ചെലവ് | 20,94,90,650 | 46,84,60,349 |
| നീക്കിയിരിപ്പ് | 2,27,59,440 | 23,248,053 |

ബജറ്റ് പ്രകാരം 47.52 കോടി രൂപ വരവും 46.84 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 13.91 കോടി രൂപയും ചെലവ് 13.69 കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന വേളയിൽ ടി വിഷയം കൂടി പരിഗണിക്കേണ്ടതാണ്.

**1-3 സാമ്പത്തിക വിശകലനം**

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു

**റസീറ്റ് & പേമെന്റ് പത്രിക 2023-24**

| | |
|---|---|
| മുന്നിരിപ്പ് (01-04-2023) | 32971787.94 |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 63199677.00 |
| ആകെ | 96171464.94 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 50017377.00 |
| നീക്കിയിരിപ്പ് (31-03-2024) | 46154087.94 |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 139180904.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 136961494.00 |
| പ്രവർത്തന മിച്ചം (Gross Surplus) | 2219410.00 |
| ആകെ മുൻകാല അക്കൗണ്ടിങ് ക്രമീകരണം | -26893805.00 |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | -24674395.00 |

2023-24 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2318668 - |

## 1-4 ഗ്രാന്റ് വിനിയോഗം

ആര്യൂക്കര ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | -- | 18108000 | 18108000 | 17441926 | 666074 | 96 |
| വികസന ഫണ്ട്-SCP | -- | 3939000 | 3939000 | 3538731 | 400269 | 90 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-United | **1025266 | 3340910 | 4366176 | 3723534 | 642642 | 85 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | **9796766 | 2248500 | 12045266 | 2162388 | 9882880 | 18 |
| മെയിന്റനൻസ് ഗ്രാന്റ്-Road | -- | 12546650 | 12546650 | 2114936 | 10431714 | 17 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | --- | 2056000 | 2056000 | 1974506 | 81494 | 96 |
| National Health Mission(NHM) ഫണ്ട് Diagnostic Purposes& Infrastructure Development | 273033 | 894337 | 1167370 | 270243 | 897127 | |
| ആരോഗ്യ ഉപകേന്ദ്ര അനുബന്ധ കെട്ടിടങ്ങളുടെ നിർമ്മാണം | ---- | 5611000 | 5611000 | ------ | 5611000 | |
| ആരോഗ്യ ഗ്രാന്റ്(പി.എച്ച്.സി കളുടെ നവീകരണത്തിനുള്ള തുക) | 157331 | 377278 | 534609 | 249167 | 285442 | |
| ഐ.സി.ഡി.എസ് | 8,48,970 | 11,32,706 | 19,81,676 | 645322 | 1336354 | |
| ശുചിത്വമിഷൻ | 779664 | --- | 779664 | 572766 | 206898 | |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | 9080 | 248 (Interest) | 9328 | --- | 9328 | |

വികസന ഫണ്ട് ജനറൽ 314/24, 317/24, 320/24 ജി.ഓ പ്രോജക്ടുകൾ പ്രകാരം 9,82,279/-രൂപ ലൈഫ് വസ്തു ഇനത്തിലും 316/24,319/24, 322/24, ജി.ഒ പ്രോജക്ടുകൾ പ്രകാരം 1182600/-രൂപ അങ്കണവാടി അധികവേതനം ഇനത്തിലും കുറവുചെയ്തിരുന്നു.
വികസന ഫണ്ട് എസ്.സി.പി 321/24,315/24,318/24 ജി.ഓ പ്രോജക്ടുകൾ പ്രകാരം 3,37,983/-രൂപ ലൈഫ് വസ്തു അധികവേതനം ഇനങ്ങളിൽ കുറവുചെയ്തിരുന്നു.
** ധനകാര്യകമ്മീഷൻഗ്രാന്റ്-Untied, ധനകാര്യകമ്മീഷൻഗ്രാന്റ്-Tied എന്നിവയുടെ മുന്നിരിപ്പിന്റെ കൃത്യത ഉറപ്പാക്കിയതിനു ശേഷമാണ് ഉൾപ്പെടുത്തിയത്.
ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ് ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-ട വാർഷിക പദ്ധതി അവലോകനം

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) രണ്ടാം വാർഷിക പദ്ധതിയ്ക്ക് (2023-24) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 83898/23/DPC/DPO-KTMതീയതി 29/01/2024പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി/ കമ്മറ്റി തീരുമാനം |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചു അംഗീകരിച്ചു | 10/01/2023 , 2 (1) |
| ആസൂത്രണസമിതിയോഗം | 13/10/2023 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 27/01/2023 മുതൽ 31/01/2023 വരെ |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 23/01/2023 |
| ഊരുകൂട്ടം/ഗ്രാമസഭ | 23/01/2023 |
| വികസനസെമിനാർ | 08/02/2023 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചു | 11/09/2023, 24/01/2023 |
| ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചു | 10/03/2023 |

2023-24 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 6055425 | 3609905 | 60 |
| വെറ്ററിനറി സർജൻ | 5 | 4 | 1652000 | 757800 | 46 |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 8 | 7 | 2452330 | 1287635 | 53 |

| | | | | | |
|---|---|---|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 380000 | 339700 | 89 |
| വി ഇ ഒ 1 | 12 | 10 | 52769580 | 20073147 | 39 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 10 | 8 | 4653276 | 3858036 | 83 |
| സെക്രട്ടറി | 59 | 27 | 15651133 | 9084818 | 58 |
| ഹെഡ്മാസ്റ്റർ | 5 | 3 | 500000 | 371707 | 74 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 97 | 27 | 43109197 | 7878069 | 18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 2468260 | 1069130 | 44 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 6 | 1725868 | 1009226 | 59 |
| ആകെ | 212 | 101 | 131417063 | 49338193 | 38 |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 11 നിർവ്വഹണോദ്യോഗസ്ഥരാണ്. 131417063/- രൂപ വകയിരുത്തിയതിൽ 49339193 രൂപ മാത്രമാണ് ചെലവഴിക്കാനായത്. അസി.എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 97 പ്രോജക്ടുകളിൽ 27 എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് മാറിയത്. അനുവദിച്ച റോഡ് ഫണ്ടിൽ രണ്ട് ഗഡു മാത്രമെ ഓഡിറ്റു വർഷം അനുവദിച്ചിട്ടുള്ളു. അനുവദിച്ച തുക യിൽ 20% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.

**പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ 2023-24 ൽ നടപ്പിലാക്കേണ്ട പദ്ധതികളെ കുറിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുഖാന്തിരം ചർച്ചകൾ നടത്തുകയും അതിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കുകയും ചെയ്തിരുന്നു.

കാർഷികമേഖലയിൽ നെൽകൃഷിയെ പ്രോത്സാഹിപ്പിയ്ക്കുന്നതിനുള്ള ശ്രമങ്ങളാണ് പദ്ധതി കാലയളവിൽ നടന്നത്. ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി, കാലിത്തീറ്റ വിതരണം എന്നിവയിലൂടെ 10.69 ലക്ഷം രൂപ അനുവദിയ്ക്കുന്നതിനു സാധിച്ചിരുന്നു. സാന്ത്വനപരിചരണം, മരുന്നുവാങ്ങൽ, FHC യുടെ അടിസ്ഥാന വികസനം, പാലിയേറ്റീവ് പരിചരണം എന്നിവയായിരുന്നു ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ.

പാർപ്പിട മേഖലയിൽ ലൈഫ് ഭവന പദ്ധതി കാര്യക്ഷമമായി നിർവഹിച്ചിട്ടുണ്ട്. എസ് സി പി പ്രോജക്ടുകളിൽ സ്കോളർഷിപ്പ് വിതരണം, വിവാഹധന സഹായം എന്നിവയും നടപ്പിലാക്കി. ജലജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകുന്നതിനാൽ കുടിവെള്ള പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല.

വയോജന സൗഹൃദ പ്രവർത്തനങ്ങളും, സ്ത്രീകളുടെ ശുചിത്വം മുൻ നിറുത്തിയുള്ള പ്രവർത്തനങ്ങളും, അനുപൂരക പോഷകപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. മാലിന്യസംസ്കരണ മേഖലയിൽ അഭിമാനാർഹമായ നേട്ടം കൈവരിയ്ക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളിൽ 43 സ്പിൽ ഓവർ പദ്ധതികളും 54 പുതിയ പദ്ധതികളും ഉൾപ്പെടെ 97പദ്ധതികളിൽ 27 എണ്ണം മാത്രമെ ഓഡിറ്റു വർഷം നടപ്പാക്കിയിട്ടുള്ളു. റോഡ് നവീകരണത്തിനും, അറ്റകുറ്റപ്പണികൾക്കുമാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തി പഞ്ചായത്തിന്റെ ആസ്തി വികസനത്തിനും തനതു വരുമാന വർദ്ധനവിനും സഹായകമാണ്.

പ്രോജക്ടുകളുടെ വിവിധ നിർവഹണഘട്ടങ്ങളിലൊന്നും ഫലപ്രദമായ മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷിക പദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ച ശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർത്ഥ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് വിവിധ സർക്കാർ ഗ്രാന്റിനങ്ങളിൽ അനുവദിച്ച തുക 1.15 കോടി രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | അലോട്ട്മെന്റ് വരവ് | ചെലവ് | സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്ത തുക |
|---|---|---|---|

| | | | |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 18108000 | 17441926 | 666074 |
| വികസന ഫണ്ട്-എസ്.സി.പി | 3939000 | 3538731 | 400269 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 12546650 | 2114936 | 10431714 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 2056000 | 1974306 | 81494 |
| ആകെ | | | 11579551/- |

സാമ്പത്തിക വർഷാവസാനം തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാലും, റോഡ് ഫണ്ടിന്റെ അവസാന ഗഡു വിതരണം ചെയ്യാത്തതിനാലും ധാരാളം പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടുകളാക്കേണ്ടി വന്നു. പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പു പദ്ധതിയുടെ 2023-24 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 13വാർഡുകളിൽ ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം 33 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ലേബർബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 1453 പദ്ധതികളിൽ 211 പദ്ധതികൾക്ക് സാങ്കേതിക അനുമതി ലഭിക്കുകയും 113 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 39367 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 778 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി തോടുകൾ ആഴം കൂട്ടൽ, ജലസംരക്ഷണ പ്രവൃത്തികൾ മുതലായ പ്രോജക്ടുകളും സംഘകൃഷിക്കു വേണ്ടി തരിശ്ശ് ഭൂമി കൃഷി യോഗ്യമാക്കലുമാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രധാന പദ്ധതികൾ. ക്യാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4477.25 | 1049800 | 1054277.25 | 1053164 | 1113.25 |
| തൊഴിലാളികൾക്ക് നൽകിയത് | 0 | 23311609 | 23311609 | 23311609 | 0 |
| | 4477.25 | 24361409 | 24365886.25 | 24364773 | 1113.25 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5640 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 10591800 | 936 |
| വിധവാ പെൻഷൻ | 6767900 | 621 |
| വാർദ്ധക്യകാല പെൻഷൻ | 20126200 | 1911 |
| വികലാംഗ പെൻഷൻ | 2746100 | 242 |
| അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 306800 | 27 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 14.06.2024 -ന് 02.59 PM -ന് അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ

സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4,538/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാ കൈമാറ്റം നടത്തുന്നുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ ശ്ലാഘനീയമാണ്. എന്നാൽ പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മേൽനിരീക്ഷണം നടത്തുന്നതിലും പൂർത്തീകരണത്തിനുശേഷം വിലയിരുത്തുന്നതിനും മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാകേണ്ടതുണ്ട്.

1) <u>അക്കൗണ്ടിംഗ് സംവിധാനം</u>

ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ മുഖാന്തിരമാണ് കണക്കുകൾ കൈകാര്യം ചെയ്യുന്നത്. ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-1 ൽ പരാമർശിച്ചിട്ടുണ്ട്.

2) <u>ക്യാഷ്, ബാങ്ക് നിയന്ത്രണം</u>

പ്രതിമാസ, വർഷാന്ത്യ റിക്കൺസിലിയേഷനുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട്.

3) <u>നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം</u>

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ട്.

4) <u>പേ റോൾ നിയന്ത്രണം</u>

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു. സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

5) <u>ആസ്തി രജിസ്റ്റർ സൂക്ഷിപ്പ് ഫലപ്രദമല്ല</u>

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

6) Gem-ൽ നിന്നുള്ള വാങ്ങൽ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം ധാരാളം വാങ്ങലുകൾ നടത്തിയിട്ടുണ്ട്. ഭൂരിപക്ഷം വാങ്ങലുകളും Gem-ൽ നിന്നായിരുന്നു. എന്നാൽ കൃത്യമായ താരതമ്യ പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. ഭാവിയിൽ സർക്കാർ ഉത്തരവുകൾ പാലിച്ച് വാങ്ങലുകൾ സുതാര്യമാക്കേണ്ടതാണ്.

7) <u>ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം</u>

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.07.2022 | 01-22-03-22 | 20.07.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ | 26.05.2014 | 2009-10 മുതൽ | LBA(HG)-11/8A-2168/169 DT |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 2013-14 വരെ | 24.07.2014 |

**1-11 വസ്തു നികുതി - 2023-24 വർഷത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല**

22.03.2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം, 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം, 31.03.2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും, 01.04.2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. സ.ഉ.(അച്ചടി) നം.25/2023/LSGD 05.04.2023 നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം പഞ്ചായത്ത് ഭരണസമിതിയുടെ 4 (1) 17.10.2023 നം. തീരുമാനം പ്രകാരം നികുതി നിരക്കുകൾ അന്തിമമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ, 2023-24 സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പ്രകാരം, 01.04.2023 -ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട വിവിധ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി നിരക്ക് ബാധകമാക്കിയിട്ടില്ല. ഉദാഹരണത്തിനായി, പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നിലവിലുണ്ടായിരുന്ന 6 രൂപയിൽ നിന്ന് 7 രൂപ നിരക്കിൽ പുതുക്കിയ നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും, 19.08.2023 തീയതിയിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള സെബാസ്റ്റ്യൻ ദേവസ്യ, കണ്ടത്തിൽ, ആർപ്പൂക്കര, വില്ലൂന്നി പി. ഒ. എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള V/18 B നമ്പർ കെട്ടിടത്തിന് 6 രൂപ നിരക്കിൽ തന്നെ നികുതി നിർണ്ണയിച്ചിട്ടുള്ളതായാണ് സഞ്ചയ വെബ് പോർട്ടലിൽ നിന്നും വ്യക്തമാകുന്നത്. ഇപ്രകാരം 01.04.2023 നു ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക്, പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ വസ്തു നികുതി നിരക്ക് ബാധകമാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/02.07.2024), വസ്തു നികുതി പരിഷ്കരണത്തിന്റെ നടപടിക്രമങ്ങൾ അന്തിമമായി അംഗീകരിച്ചത് 17.10.2023 ൽ ചേർന്ന ഭരണസമിതി യോഗത്തിലായതിനാൽ 01.04.2023 മുതൽ 17.10.2023 വരെയുള്ള കാലയളവിൽ നിലവിൽ വന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പഴയ നിരക്കിലാണ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും, സാങ്കേതികമായ പിഴവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമായിട്ടുള്ളത്. ആയതിനാൽ, 01.04.2023 മുതൽ 17.10.2023 വരെയുള്ള കാലയളവിലെ എല്ലാ കെട്ടിടങ്ങൾക്കും വസ്തു നികുതി പരിഷ്കരണം 01.04.2023 മുതൽ പ്രാബല്യത്തിലുള്ള നിരക്കിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതും പ്രസ്തുത രീതിയിൽ വസ്തു നികുതി പരിഷ്കരണത്തിൽ നിന്നും ഇതര കെട്ടിടങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന വിഷയം പരിശോധിക്കേണ്ടതും, ആയവയുടെ നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം തുക ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

**1-12 വസ്തു നികുതി - ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതിലൂടെ പഞ്ചായത്തിന് വരവ് നഷ്ടം**

ഗ്രാമ പഞ്ചായത്തിന്റെ വാർഡ് VII -ൽ ഉൾപ്പെട്ട 217 നമ്പർ കെട്ടിടത്തിന്റെ, സഞ്ചയ വെബ് പോർട്ടൽ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച. മീ) | നിലവിൽ നിർണ്ണയിച്ചിട്ടുള്ള അടിസ്ഥാന നികുതി നിരക്ക് (Rs.) | നിലവിൽ നിർണ്ണയിച്ചിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|---|---|
| 1) | VII/217 | ഇമ്മാനുവൽ മാത്യു ചോമശ്ശേരിൽ വില്ലൂന്നി | 334.9 | 50/- | വാണിജ്യാവശ്യത്തിനുള്ളവ, "100 ച. മീ വരെ തറ വിസ്തീർണ്ണമുള്ള" ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |

334.9 ച. മീ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്, "100 ച. മീ വരെ തറ വിസ്തീർണ്ണമുള്ള" കെട്ടിടത്തിന്റെ ഉപയോഗക്രമം നൽകി നികുതി നിർണ്ണയം നടത്താനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/02.07.2024), പ്രസ്തുത കെട്ടിടം സഞ്ചയ വെബ് പോർട്ടൽ പ്രവർത്തികമാകുന്നതിന് മുൻപ് നികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചതാണെന്നും, വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയപ്പോഴുണ്ടായ പിഴവാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി - മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് ബാധകമാക്കിയില്ല

2023-24 സപ്ലിമെന്ററി അസസ്സ്മെന്റ് ഡേറ്റാബേസ് പ്രകാരം, ഗ്രാമ പഞ്ചായത്ത് IX-ാം വാർഡിൽ സ്ഥിതി ചെയ്യുന്നതും 362 A മുതൽ C വരെ നമ്പർ നല്കിയിട്ടുള്ളതുമായ കെട്ടിടം പാർപ്പിടാവശ്യത്തിനുള്ളതും മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവ ഉപയോഗിച്ച് തറ നിർമ്മിച്ചിട്ടുള്ളതുമാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം-6 പട്ടിക-6 പ്രകാരം, 250 ചതുരശ്രമീറ്ററിൽ കൂടുതലുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് നൽകേണ്ടതാണ്. എന്നാൽ 467.8 ച.മീ തറ വിസ്തീർണ്ണമുള്ള വിഭജിച്ച് നമ്പർ നൽകിയ പ്രസ്തുത കെട്ടിടത്തിന് വസ്തുനികുതി ഡേറ്റാബേസിൽ ബാധകമായ 15% വർദ്ധനവ് ബാധകമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | അടിസ്ഥാന നികുതി (Rs.) | മേൽത്തരം തറ നിർമ്മിതിയ്ക്ക് നൽകിയ വർദ്ധനവ് | നൽകേണ്ടിയിരുന്ന വർദ്ധനവ് @ 15% (Rs.) |
|---|---|---|---|---|---|
| IX/362 A | ഷൈനി ബിനോയ് | 124.88 | 749.28/- | | 112.39/- |
| IX/362 B | കൊച്ചുറക്കൽ ഹൗസ് | 122.26 | 733.56/- | വർദ്ധനവ് നൽകിയിട്ടില്ല | 110.03/- |
| IX/362 C | ആർപ്പൂക്കര ഈസ്റ്റ് | 220.66 | 1323.96/- | | 198.59/- |
| | | 467.8 | 2806.8/- | | 421.01/- |

ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ, വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുവെങ്കിൽ മാത്രം പ്രത്യേക കെട്ടിടങ്ങളായി പരിഗണിച്ച് നമ്പറിംഗ് നടപടികൾ സ്വീകരിച്ച് നികുതി ചുമത്തേണ്ടതാകുന്നു. ഡേറ്റാബേസ് പ്രകാരം, പ്രസ്തുത നമ്പറുകളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ എല്ലാം പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നു. ആയതിനാൽ, പ്രത്യേക കെട്ടിടങ്ങളായി പരിഗണിച്ച് നമ്പറിംഗ് നടപടികൾ സ്വീകരിച്ചത് സംബന്ധിച്ചും, മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് ബാധകമാക്കാതിരുന്നതിനുള്ള കാരണം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/02.07.2024) സോഫ്റ്റ്‌വെയർ പ്രകാരം 15% നികുതി വർദ്ധനവിന് സാധ്യമല്ലെന്ന മറുപടിയാണ് ലഭ്യമായിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി വർദ്ധനവ് ഇപ്രകാരം കണക്കാക്കാത്തത് മൂലം 421.01/- രൂപ കുറവായിട്ടാണ് നികുതി നിർണ്ണയിക്കപ്പെട്ടത്. മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ 15% വർദ്ധനവ് ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു. പ്രസ്തുത വിഷയത്തിൽ സോഫ്റ്റ്‌വെയർ അപാകത നിലനിൽക്കുന്നെങ്കിൽ, ആയത് IKM -മായി തുടർനടപടികൾ സ്വീകരിച്ച് പരിഹരിക്കേണ്ടതും, ടി കെട്ടിടത്തിന് 15% നികുതി വർദ്ധനവ് ഡേറ്റാബേസിൽ ഉൾപ്പെടുത്തേണ്ടതുമാണ്. തുടർ നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക തുക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നിലനില്ക്കുന്നു. സഞ്ചയ വെബ് പോർട്ടൽ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവർ | കുടിശ്ശിക കാലയളവ്/ വർഷം | LC, സർവീസ് 5% തുടങ്ങിയവ ഉൾപ്പെടെയുള്ള ആകെ നികുതി തുക |
|---|---|---|---|---|
| 1) | IX/ 413 A | BSNL | 2022 (II) – 2024 (I) | 37,248/- |
| 2) | XIII/240 A | BSNL | 2023 (II) – 2024 (I) | 8,959/- |

| | | | | |
|---|---|---|---|---|
| 3) | XVIII A | BSNL | 2023 (I) - 2024 (I) | 19,433/- |
| | ആകെ | | | 85,640/- |

സമയബന്ധിതമായി നികുതി ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/02.07.2024), വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഡിമാൻഡ് നോട്ടീസ്, ആർ. ആർ ഡിമാൻഡ് നോട്ടീസ് എന്നിവ ഇ-മെയിൽ, തപാൽ മുഖേന സ്ഥാപനത്തിന് നൽകിയിരുന്നുവെന്നും, ഓൺലൈൻ ആർ ആർ നടപടികൾ സ്വീകരിക്കുന്നതിനുള്ള ലോഗിൻ വിശദാംശങ്ങൾ ലഭ്യമായിരുന്നില്ലെന്നും എന്നാൽ, നിലവിൽ ലോഗിൻ വിശദാംശങ്ങൾ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള ഓൺലൈൻ ആർ ആർ നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. കുടിശ്ശികയിനത്തിലുള്ള നികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും, തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-15 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പദ്ധതികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാർ ഏറ്റെടുത്ത വ്യക്തിയുടെ പേര് |
|---|---|
| 1) | മിഥുൻ മാത്യു |
| 2) | സെബാസ്റ്റ്യൻ. സി.വി |
| 3) | രതീഷ് പി. എസ് |
| 4) | അലക്സ് തോമസ് |
| 5) | അച്ചു എലിയാസ് അലക്സ് |

പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിനുള്ള കാരണം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/28.06.2024), പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമായിട്ടുണ്ട്. നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ലൈസൻസ് ഫീസ് പിരിവ്- ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങളുടെ വിവരങ്ങളും ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളുടെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. വാർഡ് 9, വാർഡ് 13 എന്നിവിടങ്ങളിലുള്ള ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ കെട്ടിടങ്ങളുടെ വാടക രജിസ്റ്റർ പ്രകാരമുള്ള വാടകക്കാരന്റെ പേരു വിവരങ്ങളും ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 57 കെട്ടിടങ്ങളിലെ സ്ഥാപന ലൈസൻസിയുടെ പേരു വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

2. ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് വാർഡ് 9 ലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ 9/462, 9/466, 9/469, 9/456, 9/467, 9/416, 9/438 A, 9/470, 9/371, 9/377, 9/380 നമ്പർ റൂമുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ലായെന്ന് കാണുന്നു.

3. ലൈസൻസിനായി സ്ഥാപന ഉടമകൾ സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. മൂലധന നിക്ഷേപം രേഖപ്പെടുത്താതെ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, ലാർജ് എന്നിങ്ങനെ വേർതിരിച്ച് ഫീസ് ഈടാക്കുന്നതെങ്ങനെയെന്ന് വ്യക്തമല്ല. മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ഫീസ് ഈടാക്കിയ സ്ഥാപനങ്ങളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | വാർഡ്/ കെട്ടിട നമ്പർ |
|---|---|---|
| 1 | സി.ബി ബേക്കേഴ്സ് | 8/31 B |

| | | |
|---|---|---|
| 2 | പെറ്റ് ഹൗസ് | 9/306 |
| 3 | ലക്ഷ്മി കളക്ഷൻസ് | 11/353 |
| 4 | ജേക്കബ്സ് സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | 8/247 B |
| 5 | സൗഭാഗ്യ സ്റ്റോഴ്സ് | 9/570 |
| 6 | ടി എൻ എസ് സ്റ്റോഴ്സ് | 9/465 |
| 7 | അമ്പാടി ടെക്സ്റ്റയിൽസ് | 16/247 C |
| 8 | ബയോ മെഡിക്ക് ലൈഫ് കെയർ | 8/436 |
| 9 | ട്രാവൻകൂർ സ്പെഷ്യാലിറ്റീസ് | 8/303 A |
| 10 | ദിയ ബ്യൂട്ടി പാർലർ | 9/306 |

4. റേഷൻ കടകളും കള്ള് ഷാപ്പുകളും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

ടി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11 28.08.24) ട്രേഡേഴ്സ് ലിസ്റ്റിലെ അപാകത പരിഹരിക്കുന്നതാണെന്നും പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ലൈസൻസ് എടുത്തിട്ടില്ലാത്ത സ്ഥാപനങ്ങളെയും റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയെയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ മുൻവർഷത്തെ ലൈസൻസ് ഫീസ് തന്നെ ഡിമാന്റ് ചെയ്ത് ഈടാക്കുകയാണ് ചെയ്തുവരുന്നതെന്നാണ് അപേക്ഷകളിൽ മൂലധനം നിക്ഷേപം രേഖപ്പെടുത്താത്തത് സംബന്ധിച്ച അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയത് . മൂലധന നിക്ഷേപത്തിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് അപാകതകൾ പരിഹരിച്ച് പഞ്ചായത്ത് പരിധിയിലുള്ള ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17. വാടക – കുടിശ്ശിക നിലനിൽക്കുന്നു.

2023-24 വർഷത്തെ വാർഷികകണക്കുകൾ പ്രകാരം മുൻവർഷ വാടകയുടെ കുടിശ്ശികയിനത്തിൽ 2381230/- രൂപയും തൻവർഷ കുടിശ്ശികയിനത്തിൽ 81785/- രൂപയും പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. ടി തുകകൾ പിരിച്ചെടുക്കുവാൻ സ്വീകരിച്ച തുടർനടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12 28.08.24) 2008-09 സാമ്പത്തിക വർഷം മുതൽ ഈടാക്കുവാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും തൻവർഷ കുടിശ്ശികയിനത്തിൽ 48395/- രൂപ പിരിച്ചെടുത്തിട്ടുള്ളതാണെന്നും അവശേഷിക്കുന്ന 33390/- രൂപ പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി.

കൂടാതെ തൊണ്ടംകുഴി ഷോപ്പിംഗ് കോംപ്ലക്സ് വാർഡ് 13, റൂം നം. 406 E3, 2023-24 സാമ്പത്തിക വർഷം പൂർണ്ണമായും, റൂം നം. 406 F1 ആഗസ്റ്റ് 2023 മുതലും ഒഴിഞ്ഞുകിടക്കുന്നതു സംബന്ധിച്ച് എൻക്വയറിയിൽ ആദ്യത്തിന് ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ നിലവിലും ടി മുറികൾ ഒഴിഞ്ഞുകിടക്കുകയാണെന്ന് മറുപടി ലഭ്യമാക്കി. കുടിശ്ശിക തുകകൾ പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും കട മുറികൾ പുനർലേലം നടത്തി വാടകയ്ക്ക് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

## 1-18. മരങ്ങളുടെ ലേലം - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് (1) 15-ാം വാർഡിൽ കരിപ്പൂത്തട്ട് ഗവ. ഹൈസ്കൂളിന് മുൻവശത്ത് നിൽക്കുന്ന 3 തേക്ക് മരങ്ങൾ (2) 14-ാം വാർഡിൽ മണലേൽപ്പള്ളി - കാട്ടടി റോഡിൽ പറയബാലി പാലത്തിന് സമീപം നിൽക്കുന്ന പാലമരം (3) കരിപ്പൂത്തട്ട് - തൊണ്ടംകുഴി റോഡിൽ ഇടക്കരി പാലത്തിന് സമീപം നിൽക്കുന്ന 3 മഹാഗണി മരങ്ങൾ (4) മുടിയൂർക്കര തിരുക്കുടുംബ ദേവാലയത്തിനു മുന്നിൽ അപകടകരമായി നിൽക്കുന്ന വാകമരം (5) 11-ാം വാർഡിൽ റോസ് ഗാർഡൻ വില്ലയ്ക്ക് സമീപം നിൽക്കുന്ന പുളിമരം (6) 2-ാം വാർഡിൽ അഞ്ചുതുരുത്തേൽ ഭാഗത്ത് നിൽക്കുന്ന മാവ് എന്നീ വൃക്ഷങ്ങൾ ലേലം ചെയ്യുന്നതിനായി അസിസ്റ്റന്റ് കൺസർവേറ്ററുടെ മൂല്യ നിർണ്ണയ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. മൂല്യ നിർണ്ണയ റിപ്പോർട്ട് പ്രകാരം 40136/- രൂപയാണ് എല്ലാ മരങ്ങൾക്കും കൂടി നിശ്ചയിച്ചിരിക്കുന്നത്. 18.11.23 ന് ലേലം നടത്തുന്നതിനായി


നോട്ടീസ് പുറപ്പെടുവിച്ചതിൻപ്രകാരം 4 പേർ ഹാജരായിരുന്നെങ്കിലും ലേലം നടന്നതായി കാണുന്നില്ല. 21.12.23 ന് പുനർലേലത്തിനായി നോട്ടീസ് പുറപ്പെടുവിച്ചെങ്കിലും ആരും ഹാജരായില്ലായെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നിലവിൽ ടി മരങ്ങളുടെ സ്ഥിതി വിവരം സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/29.06.24) 2 തേക്ക് മരങ്ങൾ മറിഞ്ഞു വീണ അവസ്ഥയിലാണുള്ളതെന്ന് മറുപടി ലഭ്യമാക്കി. മരങ്ങളുടെ ലേല നടപടികൾ വേഗത്തിലാക്കി പഞ്ചായത്തിന് നഷ്ടം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-19 വനിതകൾക്ക് ഫിറ്റ്നസ്സ് സെന്റർ - പദ്ധതി ജനോപകാരപ്രദമായില്ല

വനിതകൾക്ക് ഫിറ്റ്നസ്സ് സെന്റർ പ്രവർത്തന സജ്ജമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി, ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. / പേര് | 108/2024 : വനിതകൾക്ക് ഫിറ്റ്നസ്സ് സെന്റർ |
| ഫണ്ട്<br>അടങ്കൽ / ചെലവ് | വികസന ഫണ്ട് (G)<br>2,00,000/- / 1,97,190/- |
| ബിൽ നം. / തീയതി | 26/2023-24/27.03.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

വനിതകൾക്ക് കായികക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്നതിലേയ്ക്കായി വിവിധ ഫിറ്റ്നസ്സ് ഉപകരണങ്ങൾ, സ്പോർട്ട് & ഫിറ്റ്നസ്സ് എക്വിപ്മെന്റ് സ്റ്റോർ, കൊച്ചുള്ളൂർ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും പർച്ചേയ്സ് ചെയ്തിട്ടുള്ളതും, ആയതിലേയ്ക്കായി 1,97,190/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുമുണ്ട്.



എന്നാൽ, ഫിറ്റ്നസ്സ് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച് അധിക വിവരം ബന്ധപ്പെട്ട പ്രോജക്ട് ഫയലിൽ ലഭ്യമല്ലാത്തതിനാൽ, ഫിറ്റ്നസ്സ് സെന്റർ സജ്ജമാക്കിയിട്ടുള്ള സ്ഥലം, നടപ്പിലാക്കിയ പരിശീലന പദ്ധതിയുടെ വിശദാംശങ്ങൾ, തുടങ്ങി പ്രോജക്റ്റിന്റെ നിജസ്ഥിതി സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/29.06.2024), തുടർ വർഷം ഇന്റർവ്യൂ നടത്തി ഫിറ്റ്നസ്സ് ട്രെയിനറെ നിയമിക്കുമെന്നും, ബൈലോ തയ്യാറാക്കി ഫിറ്റ്നസ്സ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ, ടി മറുപടിയ്ക്ക് ആധാരമായ ഭരണസമിതി തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടുള്ളതായോ, ആയതിന്റെ പകർപ്പോ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. പദ്ധതിയുടെ ഭാഗമായി 1,97,190/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുള്ള ഫിറ്റ്നസ് ഉപകരണങ്ങൾ, നിലവിൽ ആർപ്പൂക്കര ഗ്രാമ പഞ്ചായത്ത് ഗവ. ഹോമിയോ ഡിസ്പൻസറിയുടെ ഹാളിൽ ജനോപകാരപ്രദമാക്കാതെ സൂക്ഷിച്ചിട്ടുള്ള അവസ്ഥയിലാണുള്ളതെന്ന് ഓഡിറ്റിന്റെ ഭാഗമായുള്ള സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ, വികസന ഫണ്ട് (G) വിഭാഗത്തിലുള്ള 1,97,190/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി ജനോപകാരപ്രദമാക്കുന്നതിനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതും, തുടർനടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 എൽ പി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കൽ - സർക്കാർ ഉത്തരവിൽ അധികമായി തുക നൽകി

പ്രോജക്ട് നമ്പരും പേരും - 343/24, എൽ പി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കൽ

| ഇനം | അടങ്കൽ | ചെലവ് | ബിൽനമ്പരും തീയതിയും |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (ജനറൽ റോഡ്) | 150000/- | 148960/- | 277/05.03.2024, 71500/- 278/05.03.2024, 77460/- |

ഗവ: എൽ പി. ബോയ്സ് സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയിലേക്ക് ഉപകരണങ്ങൾ വാങ്ങി ഗവ. എൽ പി. ബോയ്സ് സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്. 30.01.23 ലെ സ.ഉ (സാധാ) നം. 818/23/GEDN പ്രകാരം സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ ഐ സി ടി ഹാർഡ് വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ സ്കീമുകൾക്കുള്ള ഫണ്ട് എന്നിവ ഉപയോഗിച്ച് വാങ്ങുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും ഉപകരണങ്ങൾക്ക് ചെലവഴിക്കാവുന്ന തുകയും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ പരാമർശിക്കുന്നതിലും അധികം തുക പ്രോജക്ട് പ്രകാരം ചെലവഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണം | ചെലവഴിക്കാവുന്ന തുക (GST ഉൾപ്പെടെ) | ചെലവഴിച്ച തുക (GST ഉൾപ്പെടെ) | വാങ്ങിയ സ്ഥാപനം | അധികമായി ചെലവഴിച്ച തുക |
|---|---|---|---|---|
| ലാപ് ടോപ്പ് | 35207/- | 46000/- | കെ.എം ടെക്നോളജീസ് Invoice No. KMR/23-24/2199 22.02.24 | 10793/- |
| പ്രൊജക്ടർ സീലിംഗ് മൗണ്ട് കിറ്റ്- HDMI 4K Cable Custom-സപ്ലൈ & ഇൻസ്റ്റലേഷൻ | 7130/- | പ്രൊജക്ടർ സീലിംഗ് മൗണ്ട് കിറ്റ്- 5000/- HDMI 4K Cable Custom- 6000 | കെ.എം ടെക്നോളജീസ് Invoice No. KMR/23-24/2198/ 22.02.24 Invoice No. KMR/23-24/2196/ 22.02.24 | 3870/- |
| വാൾ മൗണ്ട് സ്ക്രീൻ | 3000/- | 14500/- | കെ.എം ടെക്നോളജീസ് Invoice No. KMR/23-24/2197/ 22.02.24 | 11500/- |
| മൾട്ടിമീഡിയ പ്രൊജക്ടർ Epson EB-W49 | 31248/- | 52460/- | Hind Digital Solution Invoice No. HDS/R/797/23-24 – 19.02.24 | 21212/- |
| Cabinet For CPU Ahop ASC 6 | ടി ഇനം മാർഗ്ഗ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 25000/- | Hind Digital Solution Invoice No. HDS/R/816/23-24n – 22.02.24 | 25000/- |
| | 76585/- | 148960/- | | 72375/- |

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1.പൊതു വിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ സി ടി ഹാർഡ് വെയർ ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനും ഉത്തരവ് പ്രകാരം പട്ടികയിൽ പരാമർശിച്ചിരിക്കുന്ന ഇനങ്ങൾ സർക്കാർ ഫണ്ട് ഉപയോഗിച്ച് വാങ്ങുമ്പോൾ ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വിൽപ്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ അനുബന്ധം ആയി നൽകിയ 27.09.2019 ലെ സ.ഉ (സാധാ) നം.3947/2019/പൊ.വി.വ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കണമെന്ന്

നിഷ്കർഷിക്കുന്നു. എന്നാൽ ഉപകരണങ്ങൾക്ക് നൽകാവുന്ന പരമാവധി തുകയിൽ അധികമായി 7237/- രൂപ ടി ഇനങ്ങൾക്ക് ചെലവഴിച്ചു.

2.ടി മാർഗ്ഗ നിർദ്ദേശപ്രകാരം എല്ലാ ഉപകരണങ്ങൾക്കും അഞ്ച് വർഷ വാറണ്ടി ഉറപ്പാക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ലാപ്ടോപ്, മൾട്ടിമീഡിയ പ്രൊജക്ടർ എന്നിവയ്ക്ക് 3 വർഷം വാറണ്ടി മാത്രമേ ടാക്സ് ഇൻവോയിസ് പ്രകാരം വ്യവസ്ഥ ചെയ്യുന്നുള്ളൂ.

3.മാർഗ്ഗ നിർദ്ദേശങ്ങളിൽ പരാമർശിക്കാത്ത ഉപകരണങ്ങൾ അത്യാവശ്യമെന്ന് തോന്നുന്ന പക്ഷം ഉപകരണമൊന്നിന് 15000 രൂപയിൽ കവിയാതെയും മൊത്തം പ്രൊജക്ട് തുക 50000 രൂപയിൽ കവിയാതെയും സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് വാങ്ങാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ Cabinet For CPU എന്ന ഇനം മാർഗ്ഗനിർദ്ദേശത്തിൽ ഉൾപ്പെടാത്തവയാണ്. ടി ഇനത്തിന് പ്രൊജക്ട് പ്രകാരം 25000 - രൂപയാണ് ചെലവഴിച്ചിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/26.06.24) സർക്കാർ നിഷ്കർഷിച്ച തുകയ്ക്ക് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ GEM വഴി പർച്ചേസ് ചെയ്യാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക അനുമതി പ്രകാരമാണ് ഉപകരണങ്ങൾ വാങ്ങിയതെന്നും ഒരു കമ്പനിയും 3 വർഷത്തില് കൂടുതൽ വാറണ്ടി നൽകുന്നില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ സ്കീമുകൾക്കുള്ള ഫണ്ട് ഉപയോഗിച്ച് വാങ്ങലുകൾ നടത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാതെ പ്രൊജക്ടുകൾ നടപ്പാക്കുന്നത് അനുവദനീയമല്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1.21 എൽ.പി. സ്കൂളുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ - നടപടിക്രമങ്ങളിൽ വ്യക്തതയില്ല.

പ്രൊജക്ട് നം. - 141/24

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പറും തീയതിയും |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 300000/- | 175987/- | 271/29.02.24- 73449/-<br>381/ 24.03.24 - 102538/- |

ഗവ. എൽ.പി. ബോയ്സ് സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രൊജക്ടുകൾ പ്രകാരം ഗവ എൽ.പി സ്കൂളുകളിലേക്ക് ഫർണിച്ചറുകൾ, അടുക്കള ഉപകരണങ്ങൾ എന്നിവ ARTCO Ltd ൽ നിന്നും 175987/- രൂപ ചെലവഴിച്ച് വാങ്ങി നൽകിയിട്ടുണ്ട്. ടി പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്കൂളുകളിലേയ്ക്ക് ആവശ്യമായ വസ്തുക്കളുടെ ഇനം, സ്പെസിഫിക്കേഷൻ എന്നിവ തിരിച്ച് ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കിയതായി കാണുന്നില്ല.

2.SIDCO, KADCO എന്നിവയുടെ ക്വട്ടേഷൻ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ARTCO Ltd ന്റെ ക്വട്ടേഷൻ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3.ലഭ്യമാക്കിയ ക്വട്ടേഷനുകളിൽ 5 ഇനങ്ങൾ മാത്രമാണ് കോട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ARTCO Ltd ൽ നിന്ന് 12 ഇനങ്ങൾ വാങ്ങിയതായി കാണുന്നു.

4.ARTCO Ltd ലഭ്യമാക്കിയ ഇൻവോയിസ് (നം.ALP 376/ 16.03.24) പ്രകാരം Prestige ന്റെ ഗ്യാസ് സ്റ്റൗ വാങ്ങിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ V-Guard ന്റെ ഗ്യാസ് സ്റ്റൗ കൈപ്പറ്റിയതായാണ് ഗവ.എൽ.പി ബോയ്സിലെ ഹെഡ്മാസ്റ്റർ കൈപ്പറ്റ് രസീതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ARTCO-യിൽ നിന്നും അടുക്കള ഉപകരണങ്ങൾ നേരിട്ട് വാങ്ങാൻ അനുമതിയില്ല. ARTCO -യിൽ നിന്നും അടുക്കള ഉപകരണങ്ങൾ നേരിട്ട് വാങ്ങിയതുമൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിയ്ക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ടി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/26.04.24) Prestige ഗ്യാസ് സ്റ്റൗ തന്നെയാണ് ലഭ്യമായതെന്നും ഹെഡ്മാസ്റ്റർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിലെ അപാകതയാണെന്നും മറുപടി ലഭ്യമാക്കി. മറുപടിയോടൊപ്പം ലഭ്യമാക്കിയ ക്വട്ടേഷൻ നോട്ടീസിൽ ആവശ്യമായ സാധനങ്ങളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ARTCO Ltd സമർപ്പിച്ച 8 ഇനങ്ങളുടെ (നം.20249) ക്വട്ടേഷനിൽ തീയതി 02.06.2024 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പദ്ധതി

പൂർത്തിയാക്കിയതിനുശേഷം സമർപ്പിച്ച ക്വട്ടേഷൻ ഏപ്രകാരമാണ് പരിഗണിച്ചതെന്ന് വ്യക്തമല്ല. വാങ്ങൽ നടപടിക്രമങ്ങളിൽ കൃത്യത പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 സ്കൂളുകളിലേയ്ക്ക് പത്ര വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 142/24 സ്കൂളിലേയ്ക്ക് പത്രവിതരണം |
| ഫണ്ടിനം ചെലവ് | 46760/- വികസന ഫണ്ട് (ജനറൽ) |

ഗവ. എൽ.പി. ബോയ്സ് സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ സ്കൂളുകളിലേക്ക് പത്ര വിതരണം എന്ന പ്രോജക്ട് പ്രകാരം വികസന ഫണ്ട് 50000/- രൂപ വകയിരുത്തി 46760/- രൂപ ചെലവഴിച്ച് വിവിധ സ്കൂളുകളിലേക്കും വിവിധ ഗ്രന്ഥശാലകളിലേക്കും പത്രവിതരണം നടത്തിയിട്ടുണ്ട്. സ്കൂളുകളിലേയ്ക്ക് പത്രവിതരണത്തിന് പ്രോജക്ട് ആവിഷ്കരിച്ചിട്ട് വായനശാലകൾക്കു കൂടി പത്ര വിതരണം നടത്തിയത് ക്രമപ്രകാരമല്ല. കൂടാതെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.6 ക്രമ നമ്പർ 14, 15 പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് വേണ്ടി ഫർണ്ണിച്ചർ, കെട്ടിടം ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങളും കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള പ്രോജക്ടുകളും ഏറ്റെടുക്കാമെന്ന് പരാമർശിക്കുന്നു. എന്നാൽ പത്ര വരിസംഖ്യ നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ല. പ്രോജക്ടിന്റെ ഭാഗമായി പത്രവരിസംഖ്യ നൽകിയ വയോജനസംഘം വായനശാല, സൂര്യ വായനശാല, ആദർശം വായനശാല, നവോദയ വായനശാല എന്നിവയ്ക്ക് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ഉള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. 2022-23 സാമ്പത്തിക വർഷം ടി പ്രോജക്ട് നടപ്പാക്കിയതിലെ അപാകത ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ ടി അപാകത തൻവർഷവും ആവർത്തിച്ചിട്ടുണ്ട്. ടി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 3/ 26.06.24) വായനശാലകൾക്ക് അംഗീകാരം ഉള്ളവയാണെന്നാണ് അറിയാൻ കഴിഞ്ഞതെന്നും മുൻവർഷത്തെ വാർഷിക ഓഡിറ്റിൽ അപാകത ചൂണ്ടിക്കാട്ടിയ സമയത്ത് തൻവർഷം ടി പ്രോജക്ട് ആരംഭിച്ച് ഏതാനും മാസത്തെ പത്രവിതരണം തുടർന്നുകഴിഞ്ഞതിനാൽ ഒഴിവാക്കാൻ സാധിക്കാതെ വന്നതാണെന്നും നിലവിൽ ടി പ്രോജക്ട് ഒഴിവാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള പ്രോജക്ടുകൾ മാത്രം ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- അക്കൗണ്ട് നമ്പർ തെറ്റി നൽകിയ തുക തിരികെ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം<br>അടങ്കൽ തുക | 08/24<br>400000/- |
| ചെലവ് തുക | 400000/- |
| ബിൽ നം. | 139/21.11.23 |
| ഫണ്ടിനം | സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള തൊണ്ടംകുഴി ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ മരുന്ന് വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരം ഹോംകോ ക്ക് തുക കൈമാറുന്നതിനായി (ZP-231 08/08/2023)ട്രഷറിയിൽ ബിൽ സമർപ്പിച്ചുവെങ്കിലും അക്കൗണ്ട് നമ്പർ നൽകിയതിലെ പിഴവ് മൂലം (അക്കൗണ്ട് നം.34306403911 എന്നതിന് പകരം 634306403911 എന്ന് നൽകി) തുക ഹോംകോയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റായിരുന്നില്ല എന്ന് കാണുന്നു. ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള Acknowledgement Reciept ൽ 13.12.23ൽ തുകയുടെ Credit Status 'Return To Government Account' എന്നാണ് കാണുന്നത്. എന്നാൽ നാളിതുവരെ തുക തിരികെ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. പ്രസ്തുത തുക നാളിതുവരെ ലഭ്യമാകാത്തതിന് വിശദീകരണവും തുക തിരികെ ലഭ്യമാക്കുവാൻ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (6/27.06.23) ട്രഷറിയിൽ ബിൽ നൽകിയപ്പോൾ ആയതിന് വെബ് സാംഖ്യയിൽ യു ടി ആർ നമ്പർ ലഭിച്ചിരുന്നുവെന്നും അക്കൗണ്ട് നമ്പർ തിരുത്തുന്നതിന് അവസരം ലഭ്യമാകാതെ 13.12.23ൽ തുകയുടെ ക്രെഡിറ്റ്

സ്റ്റാറ്റസ് -Return To Govt. Account എന്നു വന്നിട്ടുള്ളതാണെന്നും തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. 16.11.2017 ലെ സ.ഉ.(പി) 147/2017 നമ്പർ ഉത്തരവുപ്രകാരം സംസ്ഥാന ട്രഷറിയിൽ സംയോജിത ധനമാനേജ്മെന്റ് സംവിധാനം നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ട്രഷറി ഇടപാടുകൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായുള്ള നിർദ്ദേശങ്ങൾ പ്രകാരം പദ്ധതി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യേണ്ടതും സ്ഥാപനത്തിലെ ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ/ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ പ്രസ്തുത ഫണ്ട് കൈമാറ്റം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം ബില്ലിനൊപ്പം ട്രഷറികളിൽ സമർപ്പിക്കേണ്ടതുമാണ്. ട്രഷറി ഓഫീസർമാർ ബില്ലുകൾ പാസ്സാക്കുന്നതിനുമുൻപായി നിർദ്ദിഷ്ട സാക്ഷ്യപത്രം പരിശോധിച്ച് ആയത് ഉറപ്പുവരുത്തേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഉത്തരവിന് വിരുദ്ധമായി കൃത്യമായ പരിശോധന ഇല്ലാതെയും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിന്റെ കൃത്യത ഉറപ്പാക്കാതെയും ബിൽ സമർപ്പിക്കുകയും ആയത് പാസ്സാക്കുകയും ചെയ്തതിനാൽ 40000/-രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുകയാണുണ്ടായത്. ആയത് സർക്കാരിൽനിന്നും പുനരനുവദിച്ച് സ്ഥാപനത്തിന് ലഭ്യമാകുന്നതിനുള്ള അടിയന്തിര നടപടികൾ ഉചിതമാർഗ്ഗേന സ്വീകരിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിലെ വീഴ്ചമൂലം മരുന്നുകൾ വാങ്ങാൻ സാധിക്കാതെ വരുകയും ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് ലഭ്യമാകേണ്ടിയിരുന്ന ഹോമിയോ ചികിത്സാ സൗകര്യം നിഷേധിക്കപ്പെടുകയും ചെയ്തു. ഇത്തരം അപാകതകൾ ഒഴിവാക്കാൻ, പഞ്ചായത്ത് ഭരണസമിതിയുടെയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയും ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

## 1.24 നിർദ്ദേശിക്കപ്പെടുന്നതിലും അധികം തുക സബ്സിഡി ഇനത്തിൽ അനുവദിച്ച് നൽകി

കറവ പശുക്കൾക്കുള്ള കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പദ്ധതി, ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. / പേര് | 78/2024 - കാലിത്തീറ്റ സബ്സിഡി |
| ഫണ്ട്<br>അടങ്കൽ / ചെലവ് | വികസന ഫണ്ട് (ജ)<br>5,00,000/- 5,00,000/- |
| ബിൽ നം. / തീയതി | 03/2023-24/21.11.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

കേരള ഫീഡ്സ് ലിമിറ്റഡ് -ൽ നിന്നും കാലിത്തീറ്റ വാങ്ങി ക്ഷീര സഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക് വിതരണം ചെയ്യുന്നതാണ് പദ്ധതി. പദ്ധതിയുടെ ഭാഗമായി വില്ലുന്നി KUCS, പനയംപത്ത് KUCS എന്നീ ക്ഷീര സഹകരണ സംഘങ്ങളിലേയ്ക്കുള്ള കാലിത്തീറ്റയ്ക്കായി സബ്സിഡി ഇനത്തിൽ ആകെ 1,38,400/- രൂപ, കേരള ഫീഡ്സ് ലിമിറ്റഡ് -ന്റെ KFLTSRKOD040007 നം. SBI അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ, സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/തസ്വഭവ 28.05.2022, ഖണ്ഡിക 4.3 (16) പ്രകാരം ജനറൽ വിഭാഗങ്ങൾക്കായി നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള 50% സബ്സിഡി നിരക്കിൽ അധികമായി തുക അനുവദിച്ച് നൽകിയിട്ടുള്ളതായി ബന്ധപ്പെട്ട പ്രോജക്ട് പരിശോധിച്ചതിൽ വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷീര ഉൽപാദക കോപ്പറേറ്റീവ് സൊസൈറ്റി (KUCS) | കേരള ഫീഡ്സ് ഇൻവോയ്സ് നം. തീയതി | കാലിത്തീറ്റ ബാഗുകളുടെ എണ്ണം | ഇൻവോയ്സ് തുക | അനുവദിച്ച് നൽകിയ സബ്സിഡി തുക | മാർഗ്ഗരേഖ പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 50% സബ്സിഡി തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1) | വില്ലുന്നി KUCS | KFLPI-23-24-032056/ 19.10.2023 | 127 | 1,93,040/- | 97,790/- | 96,520/- | 1,270/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 2) | പനയംപത്ത് KDCS | KFLPI-23-24-032057/ 19.10.2023 | 53 | 80,560/- | 40,810/- | 40,280/- | 530/- |
| | ആകെ | | 180 | 2,73,600/- | 1,38,600/- | 1,36,800/- | 1,800/- |

പ്രസ്തുത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സബ്സിഡി ഇനത്തിൽ 1,800/- രൂപ അധികം അനുവദിച്ച് നൽകാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/29.06.2024), ഇപ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്. "കേരള ഫീഡ്സിലേയ്ക്ക് വില്ലൂന്നി സംഘത്തിലുള്ള 53 ബാഗിന്റെയും, പനയംപത്ത് സംഘത്തിന്റെ 127 ബാഗിന്റെയും (ആകെ 180 ബാഗുകൾ) ഇൻഡന്റ് അയച്ചത് പുതിയ നിരക്കായ ബാഗ് ഒന്നിന് 1540/- രൂപ പ്രകാരമാണ്. അപ്പോൾ ചാക്കൊന്നിന് 50% സബ്സിഡിയായ 770/- രൂപയാണ് സബ്സിഡി തുക മാറേണ്ടത്. എന്നാൽ, കേരള ഫീഡ്സിൽ നിന്നും ലഭ്യമായ ഇൻവോയ്സിൽ പഴയ നിരക്കായ ചാക്കൊന്നിന് 1520/- രൂപ പ്രകാരമാണ്. ട്രഷറിയിൽ ബിൽ നൽകിയപ്പോൾ സബ്സിഡി തുക കണക്കാക്കിയത് ചാക്കൊന്നിന് 770/- രൂപ നിരക്കിലാണ്. ആയതിനാലാണ് ഈ ബിൽ പ്രകാരം 1,36,800/- രൂപ മാറേണ്ടതിന് പകരമായി 1,38,600/- രൂപ മാറി നൽകിയത്. ഇതാണ് 1800/- രൂപ സബ്സിഡി തുക അധികം മാറുന്നതിനുണ്ടായ സാഹചര്യമെന്നും നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ പരാമർശിച്ചിരിക്കുന്നു". എന്നാൽ, മറുപടിയിൽ പരാമർശിക്കുന്ന ഇൻഡന്റ് തുകയും ഇൻവോയ്സ് തുകയും തമ്മിലുള്ള വ്യതിയാനം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ കേരള ഫീഡ്സുമായി കത്തിടപാടുകൾ നടത്തിയതിന്റെ രേഖകളൊന്നും ബന്ധപ്പെട്ട പ്രോജക്ട് ഫയലിൽ ലഭ്യമായിട്ടില്ല. മാർഗ്ഗരേഖ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് 50%-ൽ അധികമായ സബ്സിഡി തുക കേരള ഫീഡ്സിൽ ക്രെഡിറ്റ് വന്നിട്ടുള്ള സാഹചര്യത്തിൽ, സബ്സിഡിയിനത്തിൽ അധികമായി നൽകപ്പെട്ടിട്ടുള്ള 1800/- രൂപ കേരള ഫീഡ്സിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. തുക ലഭ്യമാകാത്ത സാഹചര്യം ഉണ്ടെങ്കിൽ, നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി, ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ അടവാക്കേണ്ടതും, വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-25 പാലിയേറ്റീവ് കെയർ പ്രോജക്ട്-ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ 23-24 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) |
| അടങ്കൽ തുക ഫണ്ടിനം | 700000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവഴിച്ച തുക | 699937/- |

പ്രോജക്ട് ഫയൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1.പ്രോജക്ടിന്റെ ഭാഗമായി 145587/-രൂപ (ബിൽ നമ്പർ 7/23.08.23) കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ ഉപകരണങ്ങൾ മുഴുവനും ലഭ്യമായതായി കാണുന്നില്ല. വീൽ ചെയർ 10 എണ്ണം, വാക്കർ 2 എണ്ണം, കമ്മോഡ് ചെയർ 2 എണ്ണം എന്നിവ ലഭ്യമായിട്ടില്ല.

2. വിവിധ തീയതികളിൽ ലഭ്യമായ ഉപകരണങ്ങൾ (Water Bed 10 എണ്ണം, കമ്മോഡ് ചെയർ 3 എണ്ണം, Walking Stick 10 എണ്ണം) മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല. അതിരമ്പുഴ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതായാണ് രേഖപ്പെടുത്തിയത്. ഉപകരണങ്ങൾ ലഭിക്കാത്തത് സംബന്ധിച്ചും, സ്റ്റോക്ക്, ഇഷ്യൂ എന്നിവയിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ചും നൽകിയ അന്വേഷണക്കുറിപ്പിന് (5/27.06.24) ലഭ്യമാകാത്ത ഉപകരണങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും, ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഉപകരണങ്ങൾ അതിരമ്പുഴ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും എന്നാൽ ഉപകരണങ്ങൾ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി കൈമാറിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ലഭ്യമാകാത്ത ഉപകരണങ്ങളുടെ വിലയായ 48160-രൂപയുടെ

ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (വീൽ ചെയർ 10 എണ്ണം 4330-രൂപ നിരക്കിൽ- 43300-രൂപ, വാക്കർ 2 എണ്ണം 973-രൂപ നിരക്കിൽ-1946-രൂപ, കമ്മോഡ് ചെയർ 2 എണ്ണം 1464.65-രൂപ നിരക്കിൽ 2923-രൂപ) സാധനങ്ങൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ഒരേ വൗച്ചറിന് ഒന്നിലധികം തവണ തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 217/24, ആരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽ നെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ( സി എച്ച് സി) |
| ചെലവ് | 92187/- (ഹെൽത്ത് ഗ്രാന്റ്) |

മേൽ പ്രോജക്ടിന്റെ ഭാഗമായി സബ് സെന്ററുകളിലേക്ക് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയതിന് 6204-രൂപ പിൻവലിച്ച് 2068/- രൂപ വീതം ജീവനക്കാരായ രേവമ്മ, ലീനാ സി മോഹനൻ, നിമ്മി എലിസബത്ത് ജോർജ് എന്നിവരുടെ അക്കൗണ്ടിലേക്ക് മാറി നൽകിയിട്ടുണ്ട്. സാക്ഷ്യപത്രത്തിനോടൊപ്പം ഉൾപ്പെടുത്തിയ സബ് വൗച്ചറുകൾ ഒരേ നമ്പറിലും തീയതിയിലുമുള്ളതാണെന്ന് കാണുന്നു (Flowers Mart Athirampuzha എന്ന സ്ഥാപനത്തിന്റെ 14.08.23ലെ 25939 നമ്പർ ബിൽ). ഇപ്രകാരം ഒരേ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ തുക മാറാനിടയായതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(13/28.08.2024) വിശദമായി പരിശോധിച്ച് അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഒരേ വൗച്ചറിന് ഒന്നിലധികം തവണ തുക നൽകിയ നടപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ 4136-രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

## 1-27. ഭൂരിഭാഗം മരാമത്ത് പ്രോജക്ടുകളും നടപ്പാക്കിയില്ല

2023-24 വർഷം 43 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 87 പ്രോജക്ടുകളുടെ നിർവ്വഹണചുമതല അസിസ്റ്റന്റ് എഞ്ചിനീയറെ ഏൽപ്പിച്ചിരുന്നു. ഭാഗികമായി നിർവ്വഹിച്ചതുൾപ്പെടെ 25 പ്രോജക്ടുകൾക്കാണ് തൻവർഷം തുക ചെലവഴിച്ചത്. 28 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 70 പ്രോജക്ടുകൾക്കായി തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. 43443132രൂപ വകയിരുത്തിയതിൽ 7878069 രൂപ മാത്രമാണ് ചെലവഴിക്കാനായത് (ചെലവ് ശതമാനം 18.1%) റോഡ് പുനരുദ്ധാരണ പ്രോജക്ടുകൾ നടപ്പാക്കാത്തതിനാൽ മെയിന്റനൻസ്റോഡ് ഫണ്ടിനത്തിൽ 10431714രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി.(ചെലവ് ശതമാനം 16.6%) ഇത്രയധികം പ്രോജക്ടുകൾ നിർവ്വഹിക്കപ്പെടാത്തത് മൂലം തൻവർഷത്തെ വിനിയോഗലക്ഷ്യം കൈവരിക്കപ്പെട്ടില്ല. മാത്രമല്ല പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന ഭൗതികനേട്ടം ഉണ്ടായിട്ടുമില്ല.

<u>സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.</u>

സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന 28 പ്രോജക്ടുകൾ നടപ്പാക്കിയില്ല. പ്രോജക്ടുകളുടെ ആദ്യ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തുന്നത്. 29.3.17-ലെ ജി.ഒ (എം.എസ്) 72/2017/ തസ്വഭവ നമ്പർ മാർഗ്ഗരേഖ ഉത്തരവ് ഖണ്ഡിക 6-3 (2) അനുസരിച്ച് സ്പിൽ ഓവർ പ്രോജക്ടുകൾ അവ സ്പിൽ ഓവറായ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവ്വഹിക്കാത്തത് മൂലം തൻവർഷത്തെ വികസനപ്രവർത്തനത്തിനുപയോഗപ്പെടുത്തേണ്ട സർക്കാർ ഗ്രാന്റുകൾ നഷ്ടമാകാനിടയായതിനും പ്രോജക്ടുകളുടെ സമയബന്ധിതമായ നിർവ്വഹണത്തിലെയും പൂർത്തീകരണത്തിലെയും വീഴ്ചയ്ക്കും രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (8/27.08.24) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുകളുടെ സമയബന്ധിതമായ നിർവ്വഹണത്തിലെയും പൂർത്തീകരണത്തിലെയും കാലതാമസം ഒഴിവാക്കേണ്ടതാണ്. മരാമത്ത് സ്റ്റാന്റിങ് കമ്മിറ്റിയും ഭരണസമിതിയും വിഷയത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 1-28 അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ 81142 രൂപ അവശേഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിൽ ഉൾപ്പെട്ട തനത് ഫണ്ട് വിഹിതം നല്കുന്നതിനുള്ള തുക, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസിഷൻ പ്രകാരം ചെക്ക് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുക അക്കൗണ്ടിൽ നിക്ഷേപിച്ച് കരാറുകാർക്ക് ചെക്ക് പ്രകാരം നല്കുകയും നികുതിവിഹിതങ്ങൾ അതാത് ശീർഷകങ്ങളിൽ അടവാക്കുകയുമാണ് ചെയ്യുന്നത്. ഈ ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള കരിപ്പൂത്തട്ട് എസ് ബി ഐ (അക്കൗണ്ട് നം. 38016893052) അക്കൗണ്ടിൽ 28.06.24 ൽ 81142.76 രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ വ്യക്തമല്ല. അക്കൗണ്ടിലവശേഷിക്കുന്ന തുകയുടെ വരവുസ്രോതസ്സ് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. സർക്കാരിലേക്കോ ഇതര സ്ഥാപനങ്ങൾക്കോ അടവാക്കേണ്ട തുകയാണെന്ന് ഉറപ്പാക്കുന്നപക്ഷം യഥാനുസരണം നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

ബാലൻസ് തുകയുടെ കൃത്യമായ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല നിലവിൽ ഗുണഭോക്താവിന്റെ/കരാറുകാരന്റെ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള ഡി ബി റ്റി സൗകര്യം ഉള്ളതിനാൽ അസി. എഞ്ചിനീയറുടെ പേരിൽ ഈ ഉദ്ദേശ്യത്തിനായി പ്രത്യേക അക്കൗണ്ട് നിലനിർത്തേണ്ട ആവശ്യമില്ലാത്തതിനാൽ അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതുമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ക്രമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് മുൻ റിപ്പോർട്ടിൽ പരാമർശിച്ചെങ്കിലും നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

## 1-29 മാലിന്യ നീക്കത്തിന് പിക്ക് അപ്പ് വാൻ - വാഹനം ലഭ്യമാക്കിയില്ല

| നിർവ്വഹണോദ്യോഗസ്ഥ സെക്രട്ടറി | |
|---|---|
| പ്രോജക്റ്റ് നം, പേര് | 287/24, മാലിന്യ നീക്കത്തിന് പിക്ക് അപ്പ് വാഹനം വാങ്ങൽ |
| വകയിരുത്തിയ തുക | 950000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവഴിച്ച തുക | 606295/-രൂപ |

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പ്രോജക്റ്റ് നമ്പർ 287/24, മാലിന്യം നീക്കം ചെയ്യുന്നതിന് പിക്ക് അപ്പ് വാഹനം വാങ്ങൽ എന്ന പദ്ധതിയിലേയ്ക്ക് ശുചിത്വ മിഷൻ ഗ്രാന്റ് 665000/- രൂപയും തനതു ഫണ്ട് 135000/- രൂപയും സി എഫ് സി ടൈഡ് ഫണ്ട് 150000/-യും വകയിരുത്തിയിരുന്നു. പ്രസ്തുത വാഹനത്തിന് 866139/- രൂപ വില വരുമെന്നതിനാൽ ടി തുകയുടെ 70% തുകയായ 606295/- രൂപ ആർപ്പൂക്കര പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ജില്ല വഴി ശുചിത്വമിഷനിൽ നിന്നും അനുവദിച്ച് മഹീന്ദ്ര ആന്റ് മഹീന്ദ്ര ലിമിറ്റഡ് മഹാരാഷ്ട്ര കമ്പനിയ്ക്ക് അടവാക്കിയിരുന്നു. (ചെക്ക് നം.22301362 30.03.24) എന്നാൽ വാഹനം നാളിതു വരെ ലഭ്യമാക്കിയിട്ടില്ല. വാഹനം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ തുടർപ്രവർത്തനങ്ങളുടെ വിവരങ്ങളും അല്ലെങ്കിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണവും വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/02.07.2024) മറുപടിയായി വാഹനം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വാഹനം ലഭ്യമാക്കുന്നതു വരെ ടി ഇനത്തിൽ ചെലവഴിച്ച 606295/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-30 ലൈഫ് ഭവന പദ്ധതി -ഗുണഭോക്തൃപട്ടികയിലെ അപാകത പരിഹരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് ലൈഫ്- 2020 ഭവനരഹിത ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 200പേരും എസ്സ് സി വിഭാഗത്തിൽ 31പേരും ഉൾപ്പെടെ ആകെ 231പേരും ഭൂരഹിത ഭവനരഹിത ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 123പേരും എസ്സ് സി വിഭാഗത്തിൽ23പേരും എസ് റ്റി വിഭാഗത്തിൽ 3പേരും ഉൾപ്പെടെ ആകെ 149പേരും ഉൾപ്പെട്ടിട്ടുണ്ട്. ലൈഫ് മാനദണ്ഡങ്ങൾ എല്ലാം പാലിച്ചാണ് ലൈഫ് മിഷനിൽ മുൻഗണന ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത്. ലൈഫ് അപേക്ഷയോടൊപ്പം മുൻഗണന ലഭിയ്ക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയവർക്ക് ലിസ്റ്റിൽ മുൻഗണന ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. അക്ഷയ സെന്റർ മുഖേന ഓൺലൈൻ ആയിട്ടാണ് ഗുണഭോക്താക്കൾ അപേക്ഷകൾ നൽകിയത്. ആയതിനാൽ അപേക്ഷയിൽ പ്രായം രേഖപ്പെടുത്താത്ത അർഹരായ ഗുണഭോക്താക്കൾക്ക് പ്രായത്തിന്റെ മാനദണ്ഡപ്രകാരമുള്ള

മാർക്ക് ലഭിക്കാത്തതിനാൽ ലിസ്റ്റിലെ ഏറ്റവും ചെറിയ പ്രായക്കാരനിലും താഴെ ആയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ അർഹതയുള്ളവരാണെന്ന് വ്യക്തമാണ്. ടി ഗുണഭോക്താക്കളെ ലൈഫ്- 2020 ഭവനരഹിത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20-29.06.2024) ന് മറുപടിയായി ഗുണഭോക്തൃ പട്ടിക പുതുക്കുന്നതിന് കമ്മറ്റി തീരുമാനമെടുത്ത് ജില്ലാ ലൈഫ് മിഷൻ കോ-ഓർഡിനേറ്ററെ അറിയിക്കുന്നതിനും സർക്കാർ അനുമതിയോടെ പട്ടിക പുതുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. നിലവിലെ സ്ഥിതി, തുടർ നടപടികളുടെ വിവരം എന്നിവ അറിയിക്കേണ്ടതാണ്.

## 1.31 ബെയിലിംഗ് മെഷീൻ വാങ്ങൽ - മെഷീൻ ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
|---|---|
| പ്രോജക്ട് നം, പേര് | 278/24, എം സി എഫിലേയ്ക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ |
| വകയിരുത്തിയ തുക | 534000/- |
| ചെലവഴിച്ച തുക | 345100/- |
| ചെക്ക് നം | 2230371/27.03.24 |

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പ്രോജക്ട് നമ്പർ 278/24 (എം സി എഫിലേയ്ക്ക് ബെയിലിംഗ് മെഷീൻ ) എന്ന പദ്ധതിയിലേയ്ക്ക് ശുചിത്വ മിഷൻ ഫണ്ട് 385000-രൂപയും തനത് ഫണ്ട് 165000-രൂപയും വകയിരുത്തിയിട്ടുള്ളതാണ്. പ്രസ്തുത ബെയിലിംഗ് മെഷീന് 493000- രൂപ വില വരുമെന്നതിനാൽ ടി തുകയുടെ 70% തുകയായ 345100-രൂപ, ആര്യങ്കാവ് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ചെക്ക് വഴി ശുചിത്വമിഷനിൽ നിന്നും അനുവദിച്ച്, തുക ആർ.ജെ എന്റർ പ്രൈസസ് എന്ന സ്ഥാപനത്തിന് ഒടുവാക്കിയിരുന്നു(ചെക്ക് നം 2230371/27.03.24). എന്നാൽ ബെയിലിംഗ് മെഷീൻ നാളിതു വരെ ലഭ്യമാക്കിയിട്ടില്ല. മെഷീൻ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ തുടർപ്രവർത്തനങ്ങളുടെ വിവരങ്ങളും അല്ലെങ്കിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണവും വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26-2.07.2024) മറുപടിയായി മെഷീൻ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മെഷീൻ ലഭ്യമാക്കുന്നതു വരെ ടിയിനത്തിൽ ചെലവഴിച്ച 345100- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1.32 സ്ട്രീറ്റ് മെയിൻ വലിക്കൽ -വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ 12, 5, 16, 14 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ എന്ന പ്രോജക്ടിനായി (53/24) 11,21,914-രൂപ (ബിൽ നം 251/19.02.2024-205601/-, 252/09.02.2024-175141/-, 339/24.03.2024-741172/- പ്രകാരം ഗാന്ധി നഗർ, അയൂനം കെ എസ് ഇ ബി സ്റ്റേഷനുകളിൽ ഒടുവാക്കിയിരുന്നു. പ്രവൃത്തി പൂർത്തീകരിച്ച് സാക്ഷ്യ പത്രം ലഭ്യമാക്കാത്തതിനാൽ പ്രോജക്ടിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1.33 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപഘടകങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപഘടകത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 13.07.2017ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ് മേഖലയ്ക്ക് കൈമാറ്റം

ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മ സേന

***ഹരിത കർമ്മസേന***

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ 18വാർഡുകൾ ആണ് ഉള്ളത്. 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യ 28398ആണ്. ഹരിത കർമ്മസേനയുടെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്നത് ആൾ താമസമുള്ള 5662 വീടുകളും 435 സ്ഥാപനങ്ങളും ആണ്. 18 വാർഡുകളിലുമായി 28 ഹരിത കർമ്മസേനാംഗങ്ങൾ ഉണ്ട്.

***ഹരിത കർമ്മസേനയുടെ മാലിന്യ ശേഖരണ കാര്യക്ഷമത***

അജൈവ മാലിന്യ ശേഖരണം നടത്തുന്നതിന് കലണ്ടർ തയ്യാറാക്കി വിതരണം നടത്തിയിരുന്നെങ്കിലും 2020-21-ൽ ക്ലീൻ കേരള കമ്പനി എം.സി.എഫിൽ നിന്നും കൃത്യ സമയം മാലിന്യം നീക്കാത്തതിനാൽ ആയത് നടപ്പാക്കാൻ സാധിച്ചിരുന്നില്ല. ആയതിനാൽ 2022 ഒക്ടോബറിൽ Green Worms Eco Solutions , Calicut എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും കലണ്ടർ പ്രകാരം ഫല പ്രദമായി മാലിന്യശേഖരണം നടത്തു കയും ചെയ്യുന്നുണ്ട്. മാലിന്യ മുക്ത നവകേരളം ക്യാമ്പെയിന്റെ ഭാഗമായി പാഴ് വസ്തു ശേഖരണ ക്ലീൻ ഡ്രൈവ് ഒക്ടോബർ 2023ന് നടത്തുകയും ചെയ്തിട്ടുണ്ട്.

***മാലിന്യം വേർതിരിക്കൽ, പുനഃചംക്രമണം, സാമൂഹ്യ ഇടപെടൽ***

വാർഡ് തല ശുചിത്വ സമിതിയുടെയും ഹരിത കർമ്മസേനയുടെയും സഹായത്തോടെ ഉറവിടമാലിന്യ സംസ്കരണം കൃത്യമായി ചെയ്യുന്നുണ്ട്. സേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ വേർ തിരിച്ച് പുനരുപയോഗത്തിനായി Green Worms Eco Solutions ന് കൈമാറുന്നുണ്ട്.ഏറ്റുമാനൂർ നിയോജക മണ്ഡലം മാലിന്യ മുക്തമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി കുട്ടികളെ ഉൾപ്പെടുത്തി സംഘടിപ്പിച്ച ഹരിത സഭ, മൈക്ക് അനൗൺസ്മെന്റ് എന്നീ പ്രവൃത്തികളിലൂടെ മാലിന്യ സംസ്കരണം സംബന്ധിച്ച് പൊതു ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനായി മാത്രമല്ല, മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തുന്ന എല്ലാ തലത്തിലുള്ളവർക്കും മാലിന്യസംസ്കരണത്തിന്റെ ആവശ്യകത സംബന്ധിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കാൻ ആയത് അവസരമുണ്ടാക്കി.

***സൃഷ്ടിക്കപ്പെടുന്ന തൊഴിലുകൾ***

മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണവും, പാഴ്വസ്തു വേർ തിരിക്കലുമാണ് സൃഷ്ടിക്കപ്പെടുന്ന തൊഴിൽ. അതിലൂടെ ഒരു ഹരിതസേനാംഗത്തിന് 250-രൂപ വീതം ഒരു ദിവസം ലഭിക്കുന്നുണ്ട്. വാതിൽപ്പടി ശേഖരണത്തിലൂടെ യൂസർ ഫീ ലഭിക്കുന്നതു മൂലം വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല. ഓഫീസ് ഉത്തരവിലൂടെ ഓരോ ജീവനക്കാർക്കും യൂസർഫീ പിരിവിനായി ഓരോ വാർഡിന്റെയും ചുമതല നൽകിയിട്ടുണ്ട്.

***അടിസ്ഥാന സൗകര്യവികസനം***

18വാർഡുകളിലെയും ശേഖരിയ്ക്കുന്ന മാലിന്യം താൽകാലികമായി സൂക്ഷിയ്ക്കുന്നതിന് NREGA പദ്ധതി യിൽ ഉൾപ്പെടുത്തി മിനി എംസിഎഫുകൾ സ്ഥാപിച്ചിട്ടുണ്ട്. മിനി എംസിഎഫുകളിൽ നിന്ന് പ്രധാന എംസി എഫിൽ മാലിന്യം എത്തിയ്ക്കുന്നതിന് പിക്ക് അപ്പ് വാഹനം വാങ്ങാൻ മഹീന്ദ്ര കമ്പനിയ്ക്ക് തുക അടവാക്കിയിട്ടുണ്ട്. കൂടാതെ കൂടി വരുന്ന മാലിന്യം കംപ്രസ് ചെയ്ത് ബോക്സ് രൂപത്തിൽ ചെറുതാക്കുന്നതിന് ബെയിലിംഗ് മെഷീൻ വാങ്ങുന്നതിന് ല എന്റർപ്രൈസസിന് തുക അടവാക്കിയിട്ടുണ്ട്. വാഹനവും, മെഷീനും 2024-25ൽ തന്നെ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

***പാരിസ്ഥിതിക ആഘാതം***


അനധികൃതമായി മാലിന്യം തള്ളപ്പെട്ടതുമായ സംഭവം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും 25000-രൂപ വിവിധ വ്യക്തികളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്.

***പരിശീലനം, പ്രവർത്തന മേഖലയിലെ വികസനം, നിയമങ്ങൾ പാലിക്കൽ***

ഹരിത കർമ്മ സേനയുടെ ഗുണമേന്മ വർദ്ധിപ്പിയ്ക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ മുഖേന അക്കൗണ്ടിംഗ് ട്രെയിനിംഗ്, സെഗ്രിഗേഷൻ ട്രെയിനിംഗ് എന്നിവ നൽകിയിട്ടുണ്ട്. ഫയർ ആന്റ് സേഫ്റ്റി ഉദ്യോഗസ്ഥർ നൽകിയ ഫയർ എക്സ്റ്റിംഗ്യൂഷർ ഉപയോഗിയ്ക്കുന്ന വിധം എപ്രകാരമാണെന്ന പരിശീലനവും ലഭ്യമാക്കിയിട്ടുണ്ട്.

***മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)***

ഒരേക്കർ സ്ഥലത്ത് 1200 sq.ft സംഭരണശേഷിയുള്ള എം സി എഫ് അതിനോട് ചേർന്ന് ഓഫീസ് റൂം പ്രവർത്തിയ്ക്കുന്നു. ടിപ്പിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, മെഷീനറി ഏരിയ, ശുചിമുറി, ഓഫീസ് സൗകര്യം എന്നിവ ചൂരക്കാവിൽ സ്ഥിതി ചെയ്യുന്ന എംസിഎഫിനുണ്ട്. അടിയന്തിര സാഹചര്യത്തിൽ തീപിടുത്തമുണ്ടായാൽ അഗ്നിശമനത്തിനായുള്ള ഫയർ എക്സ്റ്റിംഗ്യൂഷർ സ്ഥാപിച്ചിട്ടുണ്ട്. ശേഖരിയ്ക്കുന്ന മാലിന്യം കൃത്യമായി സെഗ്രഗേറ്റ് ചെയ്ത് സൂക്ഷിയ്ക്കുന്നതിന്റെയും ഏജൻസി കൊണ്ട് പോകുന്നതിന്റെയും വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിയ്ക്കുന്നുണ്ട്.





**മെഡിക്കൽ കോളേജും മാലിന്യസംസ്കരണവും**

കോട്ടയം മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്ത് (8-ാം വാർഡ്) എന്ന നിലയിൽ മാലിന്യ സംസ്കരണം സുപ്രധാന അജണ്ടയായി പരിഗണിച്ചിട്ടുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിനായി 2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മെഡിക്കൽ കോളേജിനുള്ളിൽ സ്ഥാപിച്ച തുമ്പൂർ മുഴി മോഡൽ ജൈവമാലിന്യ സംസ്കരണ പ്രക്രിയ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. കൂടാതെ മെഡിക്കൽ കോളേജിൽ IRTC യുടെ നിർവ്വഹണത്തിൽ ഒരു Sewerage Treatment Plant (STP) സ്ഥാപിച്ചിട്ടുണ്ട്.



***സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -പദ്ധതിയുടെ നിർവ്വഹണ പുരോഗതിയും കാര്യക്ഷമതയും***

ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം ഹരിത മിത്രം ആപ്പ് പദ്ധതി കെൽട്രോൺ കമ്പനിയുമായി ചേർന്ന് നടപ്പിലാക്കിയിട്ടുണ്ട്. 16 വാർഡുകളിലുമായി 3661 വീടുകളിലും 435 സ്ഥാപനങ്ങളിലും ഹരിത മിത്രം ആപ്പിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. നിലവിൽ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുന്നതിൽ താമസം നേരിടുന്നുണ്ട്. പഞ്ചായത്തിലെ ഹരിത കർമ്മ സേനാപ്രവർത്തനങ്ങൾ, വേസ്റ്റ് മാനേജ്മെന്റ്, വേസ്റ്റ് ട്രാൻസ്പോർട്ടേഷൻ പ്രവർത്തനങ്ങൾ, എന്നിവയുടെ സുതാര്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത മിത്രം ആപ്പ് ഉപയോഗിയ്ക്കുന്നു. മിനി എംസി എഫുകളുടെ എല്ലാ മാസത്തെയും അവസ്ഥ, മിനി എം സി എഫിന്റെ കപ്പാസിറ്റി, എം സി എഫിൽ നിന്ന് ഗ്രീൻ വേംസ് കമ്പനിയിലേയ്ക്കുള്ള മാലിന്യനീക്കം എന്നിവ ഹരിതമിത്രം ആപ്പിലെ മാനേജ്മെന്റ് മൊഡ്യൂൾ പരിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്

***നിർദ്ദേശങ്ങൾ***

സ്ഥാപനത്തിലെ അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിലവിലെ വിടവുകൾ നികത്തി പരിപൂർണ്ണതയിലെത്തിക്കുക, ആസൂത്രണ, സബ്സിഡി മാർഗ്ഗരേഖകളിൽ പ്രതിപാദിച്ച കാര്യങ്ങൾക്കല്ലാതെ വരുന്ന ചെലവുകൾ ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിച്ച് അതിൽ നിന്നുതന്നെ വഹിച്ച് ഇൻ-റിജക്ട് മാലിന്യം കൈയ്യൊഴിയുന്നതിനുള്ള ചെലവ് സ്ഥാപനത്തിന്റെ സാമ്പത്തികബാധ്യത ഒഴിവാക്കുക എന്നിവയായിരിക്കണം പ്രവർത്തന കാഴ്ചപ്പാട്. മാലിന്യ നീക്കവുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിന് സർക്കാർ

നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട ഈ മേഖലയിലെ ഫീസുകളും ഫൈനുകളും ഉൾക്കൊള്ളിച്ച് രൂപീകരിച്ച ശുചിത്വ ഫണ്ടും ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്. മാലിന്യം വലിച്ചെറിയുന്നതു കണ്ടെത്താനും പിഴ ഈടാക്കാനും സർവൈലൻസ് ക്യാമറകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16 KLFA Rules 1996 ചട്ടം 18(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16 KLFA Rules 1996 ചട്ടം 18(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക- ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 06.05.2024-ലെ 3-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 24.06.2024, 25.06.2024 എന്നീ തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31.03.2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം -3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര്(നം ) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 2500000 | ലൈഫ് മിഷൻ-ജനറൽ (119/24) | 2500000 | 0 |
| | 200000 | ലൈഫ് മിഷൻ -എസ് സി (120/24) | 200000 | 0 |
| | 50000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ (97/24) | 50000 | 0 |
| **ആകെ** | **2750000/-** | | **2750000/-** | **0** |
| ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 1000000 | ലൈഫ് മിഷൻ-ജനറൽ (119/24) | 1000000 | 0 |
| | 200000 | ലൈഫ് മിഷൻ -എസ് സി (120/24) | 200000 | 0 |
| | 322650 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ (97/24) | 322650 | 0 |
| **ആകെ** | **1522650/-** | | **1522650/-** | **0** |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ ( 270/24 ) | 109954.00 | 109954.00 | 0 |
| 2 | കെ.എസ്.ഇ.ബി | പുതിയ സ്ട്രീറ്റ് ലൈൻ വലിക്കൽ ( 55/24 ) | 1121914.00 | 0 | 1121914.00 |
| | ആകെ | | 1231868/- | 109954/- | 1121914/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക മുതൽ | തൻവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഹഡ്കോ | 108/LM-KTM/2021 തീയതി 11.03.22 | 0 | 2000000/- | - | - | 2000000/- |
| ലൈഫ് ഭവന പദ്ധതി | ഹഡ്കോ വായ്പ(KURDFC) ജി ഒ എം എസ് 68/2018 തസ്വഭവ തീ 18-5-2018 | 2426714/- | 1080000/- | 1220142/- | - | 2286572/- |

KURDFC വായ്പയിൽ തൻ വർഷം തിരിച്ചടച്ച തുകയിൽ 314/24, 317/24, 320/24 ജി ഒ പ്രൊജക്ടുകൾ (ജനറൽ)പ്രകാരം9,82,779-രൂപയും, 321/24, 315/24, 318/24 ജി ഒ പ്രൊജക്ടുകൾ (എസ് സി പി) പ്രകാരം 2,37,363/- രൂപയും കുറവു ചെയ്തിരുന്നു. ഹഡ്കോ യിൽ നിന്നും 2023-24 സാമ്പത്തിക വർഷം ലഭ്യമായ വായ്പയിൽ തിരിച്ചടവ് ഉണ്ടായിട്ടില്ല

## 4-6 സ്ഥിരനിക്ഷേപം

2023-24 വർഷം സ്ഥാപനത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | ആർപ്പൂക്കര സർവ്വീസ് സഹകരണബാങ്ക് | സൗത്ത് ഇന്ത്യൻ ബാങ്ക് |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 21,35,000/- | 0 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 1,65,363/- | 30,00,000/- |

| | | |
|---|---|---|
| ആകെ | 23,00,463/- | 50,00,000/- |
| ഇനങ്ങളിൽ പിൻവലിച്ച തുക | 0 | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 23,00,463/- | 50,00,000/- |
| ആകെ തുക | 73,00,463/- | |

| സ്ഥിരനിക്ഷേപ അക്കൗണ്ട് നം | പുതുക്കി നിക്ഷേപിച്ച തീയതി | തുക (രൂപ) | ബാങ്ക്/ട്രഷറി | കാലാവധി |
|---|---|---|---|---|
| 0120000008156 | 26.01.2024 | 23,00,463 | ആർപ്പൂക്കര സർവ്വീസ് സഹകരണബാങ്ക് | 27.01.2025 |
| 0930101000000993 | 28.11.2023 | 5000000 | സൗത്ത് ഇൻഡ്യൻ ബാങ്ക് മെഡിക്കൽ കോളേജ് | 28.11.2024 |

## 4-7 ഓഡിറ്റ് റിക്കവറി

ഈ വർഷം ലഭിച്ച ഓഡിറ്റ് റിക്കവറി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഓഡിറ്റ് റിക്കവറി ഇനത്തിൽ സ്വീകരിക്കുന്ന തുകകൾ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം, ഈടാക്കിയ തുക, അടവാക്കിയ വ്യക്തിയുടെ പേര്, ഉദ്യോഗപ്പേര്, റിക്കവറി ഇനം, രസീത് നം., തീയതി തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2022-23 | ഖണ്ഡിക 1.13 [II(3)] | 3420 | സിജിമോൻ കെ.ജി, ഡ്രൈവർ | 1230103635, 1230103636/ 22.12.23 |
| 2022-23 | ഖണ്ഡിക 1.13 [II(3)] | 2270 | ജനാർദ്ദനൻ കെ.പി, കടത്തുകാരൻ | 1230500157, 1230500158/ 04.01.2024 |
| 2022-23 | ഖണ്ഡിക 1.13 [I(5)] | 255 | ജാൻസി ടി സി, മെഡികെയർ ഡയഗ്നോസ്റ്റിക് സെന്റർ | 1230500335/ 12.01.23 |
| 2022-23 | ഖണ്ഡിക 1.13 [I(6(B))] | 1416 | കൊച്ചുപറമ്പിൽ ജോമോൻ | 1230500489/ 24.01.24 |
| 2022-23 | ഖണ്ഡിക 1.13 [I(7)] | 4060 | ആർപ്പൂക്കര സർവ്വീസ് സൊസൈറ്റി | 1230500736, 1230500738/ 13.02.2024 |
| 2022-23 | ഖണ്ഡിക 1.13 [I(4)] | 5850 | ഡി ഡി/ആർ സി. എസ് ആർഎൽ | 1220103049/ 5.9.22, 1220105310/ 22.02.2023 |
| 2022-23 | ഖണ്ഡിക 1.13 [I(11)] | 4500 | ഐസക് ജോൺ, കൊറ്റാടിയിൽ ഫ്യൂവൽസ്, കൈപ്പുഴ | 1230501058/ 04.03.2024 |
| 2021-22 | ഖണ്ഡിക 1-16 | 13000 | സിബി കൃഷ്ണൻ, ക്ലർക്ക്, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് (കുടിശ്ശിക ഡിഎ) | 1230500591/ 02.02.24 |

| | | | | |
|---|---|---|---|---|
| 2021-22 | ഖണ്ഡിക 1-16 | 21360 | ഷൈനി സി ആർ, ഓഫീസ് അറ്റൻഡന്റ്, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് (കുടിശ്ശിക DA) | 42300837/ 16.12.23 |
| 2021-22 | ഖണ്ഡിക 1-16 | 23307 | ഗിരിജാ ദേവി, സീനിയർ ക്ലർക്ക്, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് (കുടിശ്ശിക DA) | 42300838/ 16.12.23 |
| 2021-22 | ഖണ്ഡിക 1-16 | 19184 | ലക്ഷ്മി ഇ സി, ക്ലർക്ക്, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് (കുടിശ്ശിക DA) | 1230500414/ 19.01.24 |
| 2021-22 | ഖണ്ഡിക 1-16 | 19400 | അനീഷ് മോഹൻ (കുടിശ്ശിക DA) | 1230500441, 1230500442/ 20.01.24 |
| 2021-22 | ഖണ്ഡിക 1-16 | 21216 | ടെൻസി മാമൻ, ഓഫീസ് അറ്റൻഡന്റ്, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് (കുടിശ്ശിക DA) | 1230501149/ 05.03.24 |
| 2021-22 | ഖണ്ഡിക 1-16 | 29166 | ആശ എം നായർ, സീനിയർ ക്ലർക്ക്, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് (കുടിശ്ശിക DA) | 42300468/ 31.08.23, 42300582/ 03.10.23, 42300675/ 01.11.23, 42300788/ 01.12.23, 42300874/ 01.01.24, 42300880/ 01.01.24, 42300977/ 01.02.24 |
| 2021-22 | ഖണ്ഡിക 1-16 | 9007 | കുഞ്ഞമ്മ പി എം, പാർട്ട് ടൈം സ്വീപ്പർ, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് (കുടിശ്ശിക DA) | 42300573/ 03.10.23, 42300668/ 01.11.23, 42300776/ 01.12.23, |
| 2021-22 | ഖണ്ഡിക 1-23-2 | 13970 | മിഥുൻ മാത്യു, കോൺട്രാക്ടർ (പിഴ തുക) | 45021010/(V)/ 29.04.23 |
| ആകെ തുക | | 443421 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 35, 38 | 2002-03 | 5-4(1) | പൈപ്പ്‌ലൈൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| | 39, 40 | 2002-03 | 5-4(2) | പാറമ്പുറം കുടിവെള്ള വിതരണ പദ്ധതി-ഗുണഭോക്തൃ വിഹിതം പിരിച്ചത് പഞ്ചായത്ത് | |

| | | | | | |
|---|---|---|---|---|---|
| | | | | ഫണ്ടിൽ കുടുക്കിയിട്ടില്ല | |
| | പ്രവർത്തനാവലോകനങ്ങൾ | 2011-2012 | | ശിശുക്ഷേമ പദ്ധതികളും അംഗൻവാടികളും | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-2015 | അനുബന്ധം 3 | 2016-17 | 2-2 | വസ്തുനികുതി പരിഷ്ക്കരണത്തിന് ആധികാരിക സമിതീകരണമില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-2015 | അനുബന്ധം 4 | 2016-17 | 2-4,2-5 | തൊഴിൽനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-2016 | അനുബന്ധം 5 | 2016-17 | 2-2-2,2-2-3 | തൊഴിൽനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

**4-9 ചാർജ് സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ചാർജ് സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ(രസീത് & പേയ്മെന്റ് പ്രകാരം) | 96171464.94 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(രസീത് & പേയ്മെന്റ് പത്രിക പ്രകാരം) | 500173[illegible].00 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 139180904.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 136961494.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2318668/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ് സർചാർജ് നടപടികൾക്ക് വിധേയമാകാവുന്ന വരവ് ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 157190/- | നിതു കെ.എം.ഐ. സി. ഡി. എസ് സൂപ്പർവൈസർ |
| 1-25 | 48160/- | ഡോ. റെൻസ്ലിൻ ജോസഫ് |

| | | |
|---|---|---|
| | | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-29 | 606295/- | മഞ്ജു എസ് , സെക്രട്ടറി-ഇൻ-ചാർജ് |
| 1-31 | 345100/- | മഞ്ജു എസ് , സെക്രട്ടറി-ഇൻ-ചാർജ് |
| 1-33 | 1121914/- | ആശാ ഗോപാൽ സെക്രട്ടറി |
| ആകെ | 2318665/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം ചട്ടങ്ങൾ പ്രകാരം ചാർജ് സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 2023-24 വർഷം വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ് റിപ്പോർട്ട് എന്നിവയുടെയും വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ എസ് എ - കെ ടി എം പി9(അ30-2022)/1765/22 02.08.2022 | 4 |
| 2000-01 | കെ എസ് എ - കെ ടി എം പി9(അ30-2022)/1765/22 02.08.2022 | 3 |
| 2001-02 | കെ എസ് എ - കെ ടി എം പി9(അ30-2022)/1765/22 02.08.2022 | 3 |
| 2002-03(ചെലവ്) | കെ എസ് എ - കെ ടി എം പി9(അ30-2022)/1765(4)/22 02.08.2022 | 2 |
| 2004-05 | കെ എസ് എ -കെ ടി എം പി9 അ30 22/1784/21 02.08.2022 | 1 |
| 2008-09 | കെ എസ് എ - കെ ടി എം പി9(അ30-2022)/826(4)/22 02.08.2022 | 2 |
| 2009-10 | കെ എസ് എ - കെ ടി എം പി9(അ30-2022)/826(5)/22 02.08.2022 | 1 |
| 2010-11 & 2011-12 | കെ എസ് എ - കെ ടി എം പി9(അ30-2022)/826(6)/22 02.08.2022 | 2 |
| 2012-13 | കെ എസ് എ - കെ ടി എം പി9(അ30-2022)/826(7)/22 02.08.2022 | 3 |
| 2013-14 | കെ എസ് എ - കെ ടി എം പി9(അ30-2022)/996(1)/22 02.08.2022 | 3 |
| 2014-15 | കെ എസ് എ - കെ ടി എം പി9(അ30-2022)/996(2)/22 02.08.2022 | 6 |
| 2015-16 | കെ എസ് എ - കെ ടി എം പി9(അ30-2022)/996(3)/22 02.08.2022 | 4 |

| | | |
|---|---|---|
| 2016-17 | കെ എസ് എ -<br>കെ ടി എം പി9(ഓഡി-2022)/996(4)/22/30.08.2022 | 9 |
| 2017-18 | കെ എസ് എ -<br>കെ ടി എം പി9(ഓഡി-2022)/996(5)/22/25.08.2022 | 13 |
| 2018-19 | കെ എസ് എ -<br>കെ ടി എം പി9(ഓഡി-2022)/996(6)/22/30.08.2022 | 8 |
| 2019-20 | കെ എസ് എ -<br>കെ ടി എം പി9(ഓഡി-2022)/996(7)/22/30.08.2022 | 8 |
| 2020-21 | കെ എസ് എ -കെ ടി എം പി9/1285/22/08.08.22 | 15 |
| 2021-22 | കെ എസ് എ -കെ ടി എം പി9/2318/22/15.03.23 | 12 |
| 2022-23 | കെ എസ് എ -കെ ടി എം പി9/1780/23/21.03.24 | 37 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 3 dated 3 dated 06-05-2024 and submitted on 21-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Arpookkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.5 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Arpookkara Grama Panchayat as on 31-03-2024

**Date: 04/09/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Arpookkara Grama Panchayat for the Year 2023-2024.**

**1.Major Observations**

1. Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.
2. General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2024.
3 Non Disclosure of Capital Contribution-Capital contribution opening balance details of current year are not available.

**2.Other Observations**

1. License receipts does not match with registers and annual accounts
2. Government Other dues register not maintained.

Deputy Director
District Office Kottayam
Kerala State Audit Department

## <u>അനുബന്ധം-2</u>
## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്